KANDANAD
DIOCESAN
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 2, 15 February 2015

എഡിറ്റോറിയൽ

# കർഷകർക്കുവേണ്ടി

പ്രാണവായു, ഭക്ഷണം, പാർപ്പിടം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണല്ലോ. അവയിൽ പ്രാണവായു എവിടെയും സ്വതന്ത്രമായി ലഭിക്കുന്നതിനാൽ അതിന്റെ പ്രാധാന്യം നാമാരും സാധാരണ ഓർക്കാറില്ല. മാത്രമല്ല, അതിനെ കെട്ടിയടച്ച് സ്വകാര്യവല്ക്കരിക്കാനും എളുപ്പമല്ല. അതുകൊണ്ട് പ്രാഥമികാവശ്യങ്ങളിൽ ഭക്ഷണമാണ് ഒന്നാംസ്ഥാനത്ത്. നീതിന്യായങ്ങളുടെ അടിസ്ഥാനത്തിൽ അതിന്റെ ഉല്പാദകരായ കർഷകരാണ് സമൂഹത്തിൽ ഏറ്റവുമധികം ആദരവും അംഗീകാരവും അർഹിക്കുന്നവർ. എന്നാൽ ഒരു കർഷകരാജ്യമായ ഇന്ത്യയിൽ ഇന്ന് അവരാണ് സമൂഹത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്ന വിഭാഗമെന്നതിൽ ആർക്കും തർക്കമില്ല. അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാനുള്ള ശ്രമം സർക്കാരിൽ നിന്ന് ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ മാധ്യമങ്ങളും സാമൂഹ്യപ്രവർത്തകരും തികഞ്ഞ നിസ്സംഗതയാണ് പ്രകടിപ്പിച്ചു വരുന്നത്. മാത്രമല്ല, കർഷകനെ അപകർഷപ്പെടുത്താനും അവന്റെ ആത്മവീര്യം കെടുത്താനും ഇടവരുത്തുന്ന പ്രവർത്തനങ്ങളാണ് എല്ലാ ദിശകളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് രണ്ട് പതിറ്റാണ്ടുകളോളമായി കേരളത്തിലെ ബഹുഭൂരിഭാഗം നെൽപ്പാടങ്ങളും തരിശായിക്കിടക്കുന്നതു തന്നെ കർഷകരോടുള്ള അവഹേളനയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. പണക്കൊഴുപ്പും കൈക്കരുത്തും രാഷ്ട്രീയ സ്വാധീനവുമുള്ളവർ വയലുകൾ കരയാക്കി വൻ തുകയ്ക്ക് വില്പന നടത്തുന്നു. ഇതൊന്നുമില്ലാത്ത നിലമുടമകൾ പട്ടിണിയിലും ദുരിതത്തിലും കഴിയുന്നു. നെൽപ്പാടമുള്ളതിനാൽ അവർക്ക് റേഷൻ ആനുകൂല്യങ്ങൾ പോലുമില്ല!

ഈയിടെ പത്രത്തിൽ വന്ന ഒരു വലിയ വാർത്താശീർഷകം ഇതായിരുന്നു. "പച്ചക്കറി വസ്തുക്കളിൽ വിഷാംശം കണ്ടാൽ ഉടൻ നടപടി." കോടികളുടെ അഴിമതി ആരോപണങ്ങൾ ഉയർന്നാൽ പോലും അനക്കമില്ലാത്ത ഈ രാജ്യത്ത് പച്ചക്കറികളിൽ കീടനാശനിയുടെ സാന്നിദ്ധ്യം കണ്ടാൽ ഉടൻ നടപടി പോലും! കീടനാശനി, രാസവളം എന്നിവയുടെ ഉപയോഗം ഇന്ന് കർഷകരുടെ പേരിൽ ചുമത്തപ്പെടുന്ന വൻ കുറ്റങ്ങളാണ്. എന്നാൽ തീപിടിച്ച വില കൊടുത്ത് ഇവ വാങ്ങി പ്രയോഗിക്കുവാൻ അവർ നിർബന്ധിതരാകുന്നത് എന്തുകൊണ്ടാണെന്നും, അവയ്ക്കു പകരം നിർദ്ദേശിക്കപ്പെടുന്ന വസ്തുക്കളുടെ ഫലലഭ്യത എത്രമാത്രമെന്നുമൊക്കെ കണ്ടെത്താൻ ശരിയായ പഠനമൊന്നും നടത്താതെയുള്ള പ്രഖ്യാപനങ്ങളാണ് ഉണ്ടാകാറുള്ളത്. ടെലിവിഷനിലും പത്രത്താളുകളിലും ചിത്രവും വാർത്തകളും വരുന്നപക്ഷം ഏത് സാക്ഷ്യം പറച്ചിലിനും തയ്യാറുള്ളവർ നാട്ടിൽ ധാരാളമുണ്ടുതാനും. നെൽകൃഷി ലാഭകരമാണെന്നു പോലും പ്രഖ്യാപിക്കുന്നതിന് കർഷകസുഹൃത്തുക്കളെത്തന്നെ മാധ്യമക്കാർക്കും കൃഷി ഉദ്യോഗസ്ഥർക്കും കിട്ടാനുണ്ട്. എങ്കിൽ പിന്നെ ഇക്കാണാവുന്ന പാടങ്ങളെല്ലാം കാലിയായിക്കിടക്കുന്നതിന് കാരണവും അവർതന്നെ വിശദീകരിക്കേണ്ടതുണ്ട്. ലാഭകരമായ നെൽകൃഷി വയലുടമകൾ വേണ്ടെന്നുവയ്ക്കുമോ?

പണ്ടൊക്കെ കീടനാശനികൾ ഉണ്ടായിരുന്നില്ല. ഈന്തിൻ ചക്ക, മാവിൻ ചില്ല, കുറ്റിച്ചൂൽ, മണ്ണെണ്ണ എന്നിവയാണ് ചാഴിബാധയ്ക്ക് എതിരെ പ്രയോഗിച്ചിരുന്നത്. ഇതുകൊണ്ടൊന്നും കീടബാധ ഫലപ്രദമായി തടയാൻ കഴിഞ്ഞിരുന്നില്ല എന്നത് കർഷകരുടെ അനുഭവമായിരുന്നു. ശക്തിയേറിയ രാസവിഷങ്ങളായ കീടനാശനികൾ ലഭ്യമായശേഷം മാത്രമാണ് വിളകളുടെ നേർക്കുള്ള കീടാക്രമണഭീഷണിയെ കർഷകർക്ക് വിജയകരമായി നേരിടാനായത്. ഏതായാലും പച്ചക്കറികളിൽ ഇവ തളിക്കുന്നതുമൂലം മനുഷ്യമരണമൊന്നും ഇതുവരെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല (മാധ്യമക്കാർ മനസ്സുവച്ചാൽ അതിനും പ്രയാസമൊന്നുമില്ല!). ഏതായാലും കീടനാശനികൾക്കെതിരെ വ്യാപകവും ശക്തവുമായ പ്രചാരണം നടക്കുന്നുണ്ട്. ഇതിൽ കൃഷി ഉദ്യോഗസ്ഥരും അവരുടെ ശിങ്കിടികളായ ജൈവകൃഷിക്കാരും പങ്കുചേരുന്നു. രാസിക കീടനാശനികൾക്കു പകരം പുകയിലക്കഷായം, വേപ്പിൻ പിണ്ണാക്ക്, വേപ്പെണ്ണക്കുഴമ്പ്, വെളുത്തുള്ളി

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**കർഷകർക്കുവേണ്ടി** ................................ 1

**കേരളത്തിന്റെ സമ്പദ്ഘടന തകരുന്നു** ............ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**നിഷ്ക്കളങ്കന്റെ പ്രയാണ വഴികൾ** ................. 5
ഫാ. കെ.വി. ഏലിയാസ്

**പാഴായിപ്പോകുന്ന വിദ്യാർത്ഥിജീവിതം** ............ 7
എ.ജി. ജെയിംസ്, പാലക്കുഴ

**ആദിമസഭ ഉർത്തുന്ന**
**മാതൃകയും വെല്ലുവിളിയും** ........................ 9
ഡോ. തോമസ് അത്താനാസ്യോസ്

**രക്ഷ – അനുതാപത്തിലൂടെ** ....................... 11
എം. സൈമൺ, പെരിയാമ്പ്ര

**അഖില ജഗത്പതിയേ** ............................ 13
വി.പി.

**പരി. പാത്രിയർക്കീസ് ബാവായുടെ**
**സമാധാന പ്രഖ്യാപനം:**
**ഒരു പ്രാഥമിക പ്രതികരണം** ...................... 14
ഡോ. തോമസ് മാർ അത്താനാസ്യോസ്


പെയ്സ്റ്റ് മുതലായവയാണ് അവർ നിർദ്ദേശിക്കുന്നത്. ഇതൊന്നും വ്യാപകമായ തോതിൽ കൃഷി ചെയ്യുമ്പോൾ ഫലപ്രദമോ പ്രായോഗികമോ അല്ലെന്ന് അവർക്കുതന്നെ അറിയാം. മിക്ക ജൈവകർഷകരും കീടനാശിനികൾ പ്രയോഗിക്കുന്നുണ്ടെന്നതാണ് സത്യം. പുറത്തു പറയാറില്ലെങ്കിലും. പുകയില ക്യാൻസറിന് കാരണമാകുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്ന നിലയ്ക്ക് പുകയിലക്കഷായം അപായരഹിതമാകുന്നതെങ്ങനെ? വിപുലമായ തോതിൽ കൃഷിചെയ്യുമ്പോൾ ചാഴി പുഴുക്കളുടെ ആക്രമണം തടയാൻ കീടനാശനികളേ ഫലപ്രദമാവുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. പ്രയോഗം കഴിഞ്ഞാൽ വൈകാതെ വിഘനടപ്രക്രിയ (decomposition) പൂർണ്ണമാകുന്ന കീട-കുമിൾ നാശനികൾ കണ്ടുപിടിച്ച് ആവശ്യമായ തോതിൽ ഉപയോഗിക്കുക മാത്രമേ ചാഴി-പുഴു-കീട-കുമിൾ ആക്രമണങ്ങൾക്ക് പ്രതിവിധിയുള്ളൂ. അതു തടഞ്ഞാൽ കൃഷി ഇല്ലാതാവുകയായിരിക്കും ഫലം.

രാസവളപ്രയോഗങ്ങളെക്കുറിച്ചുള്ള ഭീതിയും ഒട്ടധികവും മാധ്യമസൃഷ്ടിയാണ്. വളർച്ചയ്ക്കാവശ്യമായ മൂലകങ്ങളും ധാതുലവണങ്ങളും അയോണികരൂപത്തിലാണ് സസ്യങ്ങൾ ആഗിരണം ചെയ്യുന്നത്. ഏത് വളം നൽകിയാലും ഇതാണ് സംഭവിക്കുക. വളത്തിലെ ജൈവാംശ (humus) ത്തിന്റെ ആവശ്യം മണ്ണിന് ഇഴുക്കം നൽകി അതിന്റെ ജലസംഭരണശേഷിയും അതിലെ ബാക്ടീരിയാ പ്രവർത്തനവും വർദ്ധിപ്പിക്കുകയും നിലനിർത്തുകയുമാണ്. ശരിയായ സസ്യവളർച്ചയ്ക്കും ഫലോത്പാദനത്തിനും അവശ്യമൂലകങ്ങളും ധാതുലവണങ്ങളും വേണ്ടതോതിൽ അടങ്ങുന്ന രാസവളങ്ങൾ ഉപയോഗിച്ചേ തീരൂ. അതുകൊണ്ട് അവയുടെ പ്രയോഗം അപകടമല്ല. ആവശ്യമാണ്. ജൈവവളങ്ങൾ മാത്രം ചേർത്തുള്ള കൃഷി പരമാവധി ഉല്പാദനം നൽകുകയില്ല. അവ മണ്ണിന്റെ മേൽപ്പറഞ്ഞ ഗുണങ്ങൾ നിലനിർത്താനാണ് മുഖ്യമായും സഹായിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ജൈവവളങ്ങൾ അടിസ്ഥാനവളങ്ങളായി ചേർക്കുകയും രാസവളങ്ങൾ നല്കി ഫലോല്പാദനം വർദ്ധിപ്പിക്കുകയുമാണ് വേണ്ടത്.

ഉയർന്ന കൂലിനിരക്ക്, വിലയിലുള്ള അസ്ഥിരത, വിപണന സൗകര്യക്കുറവ്, വളങ്ങളുടെയും കീടനാശനികളുടെയും വിലക്കൂടുതൽ, ഉല്പന്നങ്ങളുടെ പ്രിസർവേഷൻ സൗകര്യക്കുറവ്, അദ്ധ്വാനാധിക്യം, സാമൂഹിക അവഗണന, സ്ഥിരവരുമാനത്തിന്റെ അഭാവം, കാലാവസ്ഥയിൽ സംഭവിക്കുന്ന പ്രതികൂലത, പ്രകൃതിക്ഷോഭങ്ങൾ എന്നിവയെല്ലാം കൃഷിപ്പണിയെ അനാകർഷകമാക്കുന്നു. അതുകൊണ്ട് മറ്റ് ഏതു തൊഴിലിനും എന്തെങ്കിലും സാധ്യത കാണുന്നവർ ഇതിലേക്ക് വരുന്നില്ല. കാർഷികവൃത്തി നമ്മുടെ നാട്ടിൽ നിലച്ചുപോകുവാനുള്ള സാധ്യതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

സർക്കാർ സബ്സിഡി നൽകി കൃഷിയെയും കർഷകരെയും സംരക്ഷിക്കുക സാധ്യമല്ല. ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ എല്ലാ കാർഷികോല്പന്നങ്ങൾക്കും അർഹമായ

*(ശേഷം 6-ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# കേരളത്തിന്റെ സമ്പദ്ഘടന തകരുന്നു

നമ്മുടെ സംസ്ഥാനം ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശമാണ്. ലോകത്തിൽ തന്നെ ഇത്രമാത്രം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ താരതമ്യേന കുറവാണ്. എങ്കിലും ഇവിടെ ഉയർന്ന ജീവിത നിലവാരവും കുറഞ്ഞ പട്ടിണി നിരക്കും ഭേദപ്പെട്ട പൊതുജനാരോഗ്യവും ന്യായമായ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണ്. ഈ നാടിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ഫലപുഷ്ടി, പഠന സൗകര്യങ്ങൾ എന്നിവയെല്ലാം ഇതിനു കാരണമായി പറയാം. സംസ്ഥാന സർക്കാരിന്റെ അഴിമതിയും വികലമായ നയപരിപാടികളും കാഴ്ചപ്പാടില്ലാത്ത വികസന സംരംഭങ്ങളും ആഗോള-ദേശീയ സാഹചര്യങ്ങളും കൊണ്ട് ഈ നാടിന്റെ സമ്പദ്ഘടന തകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണ്. എന്നാൽ ഇത് ഗൗരവമുള്ള കാര്യമായി കേരളസമൂഹം ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. മാധ്യമ രംഗത്താകട്ടെ ഇതു സംബന്ധിച്ച് യാതൊരു ചർച്ചയും നടക്കുന്നുമില്ല.

കേരളം എന്നും ഒരു കാർഷിക പ്രധാനമായ നാടായിരുന്നു. ഇവിടെ ധാന്യ-കിഴങ്ങ്-നാണ്യവിളകൾ സമൃദ്ധമായി ഉല്പ്പാദിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സമീപകാലത്ത് കൃഷി രംഗം ഏറെ മന്ദീഭവിച്ചിട്ടുണ്ട് എന്നത് ആർക്കും നിരീക്ഷിക്കാവുന്ന കാര്യമാണ്. നെൽകൃഷി ഗണ്യമായ രീതിയിൽ കുറഞ്ഞു. കരഭൂമിയിലെ കൃഷി ഏകദേശം റബ്ബർ മാത്രമായി പരിമിതപ്പെട്ടു. ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ കേരളം പൂർണ്ണമായി തന്നെ ഒരു ഉപഭോഗ സംസ്ഥാനമായി മാറി. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, മുട്ട, മാംസം, പാൽ എന്നിവയ്ക്കെല്ലാം തന്നെ സമീപസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം വന്നെത്തി.

നെൽകൃഷിക്കാവശ്യമായ അദ്ധ്വാനതീവ്രത, അരിയുടെ വിലക്കുറവ്, കൂലിക്കൂടുതൽ എന്നിവ അതു കുറയാൻ കാരണമായി എന്ന് പറയാറുണ്ട്. നിലംകൃഷിക്ക് കൂലിക്കാരെ കിട്ടാതെ വരുന്നതും ഉയർന്ന കൃഷി ചെലവുകളും കൃഷിയുടെ ലാഭം മാത്രം മാനദണ്ഡമായി എടുക്കുന്ന കേരളത്തിലെ കർഷകരെ ഈ കൃഷിയിൽ നിന്ന് പിന്തിരിപ്പിച്ചു എന്നത് വാസ്തവമാണ്. അതുകൊണ്ട് വയലുകൾ തരിശായി ഇടുന്നത് സാധാരണമായി. എറണാകുളം ജില്ലയിൽ നെൽകൃഷി ചെയ്യുന്ന പാടങ്ങൾ കാണാനില്ല. വയലുകൾ പുല്ലു വളർന്ന് തരിശായി കിടക്കുന്നത് സമീപകാലത്തെ കാഴ്ചയാണ്. അരി ഭക്ഷ്യവസ്തു ആയിട്ടല്ല നേരെമറിച്ച് ഒരു വാണിജ്യ ചരക്കായി മാത്രമാണ് ഇന്ന് ജനം കാണുന്നത്. വലിയ ലാഭമില്ല എങ്കി ലും സ്വന്തം വയൽ കൃഷി ചെയ്ത് അവിടെ വിളയിക്കുന്ന അരിയും പച്ചക്കറികളും ഉപയോഗിക്കുന്നതിൽ ദൈവാനുഗ്രഹം കണ്ടെത്താൻ മനുഷ്യന് സാധിക്കുന്നില്ല എന്നതാണ് സത്യം. ഇത്രതന്നെ ജലസ്രോതസ്സുകളും ഫലപുഷ്ടിയുള്ള മണ്ണും ഇല്ലാത്ത നാടുകളിൽ മനുഷ്യൻ ഏറെ അധ്വാനിച്ച് ഉത്പ്പാദിപ്പിക്കുന്ന ധാന്യങ്ങൾ, പച്ചക്കറികൾ ഇവ ഇവിടെ വരുത്തി ഉപയോഗിക്കുന്നതിൽ അഭിമാനിക്കുന്ന സമൂഹമാണ് ഇവിടെയുള്ളത്. ദൈവം ഇത്രമാത്രം അനുഗ്രഹിച്ച ഈ നാടിന്റെ ഫലപുഷ്ടി ഉപയോഗപ്പെടുത്താതെ ഈ നാടിനെ ഒരു വിപണിയാക്കി മാറ്റുന്നത് സത്യത്തിൽ ധിക്കാരവും ദൈവനിന്ദയുമാണ്. ഇവിടെ അടിസ്ഥാനപരമായ ഒരു വീണ്ടു വിചാരം ഉണ്ടാകേണ്ടതാണ്.

നമ്മുടെ വയലുകൾ പ്രധാനമായും രണ്ടു തരമാണ്. ഒന്നു കരപ്പാടങ്ങളാണ്. അവിടെ വെള്ളം ഒരു കൃഷിക്കുമാത്രമേ കിട്ടുകയുള്ളു. എന്നാൽ താഴ്ചപ്പാടങ്ങളിൽ ഏറിയ കാലവും ജലലഭ്യത ഉണ്ട്. കരപ്പാടങ്ങളിൽ നെൽകൃഷി ഇല്ലാത്ത സമയത്ത് കപ്പ, വാഴ, പച്ചക്കറികൾ എന്നിവയെല്ലാം കൃഷി ചെയ്യാവുന്നതാണ്. ഇന്നിവിടെ നെൽകൃഷിയും മറ്റുകൃഷികളും നടക്കുന്നില്ല. എന്നാൽ താഴ്ചപ്പാടങ്ങളിൽ നെൽകൃഷി മാത്രമേ സാധ്യമാവൂ. വയൽ ഒരുക്കുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനുമെല്ലാം കൂലിക്കാരെ കിട്ടുന്നില്ല എങ്കിലും അതിനാവശ്യമായ യന്ത്രങ്ങൾ ഇന്ന് സുലഭമായി വാടകയ്ക്ക് ലഭ്യമാണ്. ലാഭം ഒരു പക്ഷേ അധികം ഇല്ലെങ്കിലും കൃഷിയിടങ്ങൾ തരിശായി കിടന്നാൽ സാവകാശം ജലസ്രോതസ്സുകൾ വറ്റി ഉണങ്ങി ഉപയോഗശൂന്യമാകും. ജലദൗർലഭ്യം രൂക്ഷമാകാനും ഇടയുണ്ട്. ഇത് വരുംതലമുറയോടും സ്രഷ്ടാവിനോടും ഉള്ള നിരുത്തരവാദിത്ത നിലപാടാണ് എന്നു നാം തിരിച്ചറിയണം.

നെൽകൃഷിക്കു ലാഭമില്ല എന്ന ചിന്ത കർഷകർക്കുണ്ടായത് അടുത്തകാലത്താണ്. നെൽകൃഷി വഴിയുള്ള വരുമാനം റബ്ബർ കൃഷിയിലൂടെ കിട്ടുന്ന ലാഭത്തിൽ കുറഞ്ഞു എന്നതുകൊണ്ടാണ്. ലാഭത്തിന്റെ താരതമ്യമാണ് നെൽകൃഷിയെ നിരുത്സാഹപ്പെടുത്തിയത്. റബ്ബർ കൃഷിയെ നാണ്യവിളയായും നെല്ലിനെ ഭക്ഷ്യവസ്തുവായും തിരിച്ചറിയുന്നതിൽ കർഷകർ പരാജയപ്പെടുകയായിരുന്നു. നെല്ലിനെ വാണിജ്യ വസ്തുവായികണ്ട് അതിന്റെ കൃഷിയിൽ

ലാഭം മാത്രം അന്വേഷിച്ചപ്പോൾ മനുഷ്യവംശത്തിന്റെ അതിജീവനത്തിന് നൽകിയ ദാനത്തെ മനുഷ്യൻ നിഷേധിക്കുകയായിരുന്നു. ലാഭംമാത്രം താരതമ്യപ്പെടുത്തി റബ്ബർ കൃഷിയിലൂടെയുള്ള സാമ്പത്തിക നേട്ടം കൃഷിയുടെ മാനദണ്ഡമാക്കിയപ്പോൾ നെൽകൃഷി നിന്നു പോയി. ഇപ്പോൾ റബ്ബറിന്റെ വിലയിടിഞ്ഞപ്പോൾ ആ കൃഷിയും നിർത്താൻ ആലോചിക്കുന്നു. ലാഭത്തിന്റെ തോത് മാത്രം അടിസ്ഥാനമാക്കി ആകരുതല്ലോ കൃഷി. ഇന്നും കേരളത്തിലെ പല ഭാഗങ്ങളിലും നെൽകൃഷി നടക്കുന്നുണ്ട്. ലാഭം അൽപം കുറഞ്ഞാലും നെൽകൃഷി ഇന്നും നടത്താനാവും എന്നതാണ് ഇതു സൂചിപ്പിക്കുന്നത്. ഇപ്പോൾ കൃഷി ചെയ്യാതിരുന്നാൽ ഭാവിയിൽ നെൽകൃഷി ഇറക്കാൻ വയ്യാത്ത സാഹചര്യം തന്നെ വന്നുചേർന്നെന്നിരിക്കും. ഇന്ന് അയൽസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന അരിയുടെ അളവ് കുറയുന്ന സാഹചര്യത്തിൽ ജനസാന്ദ്രത വളരെ കൂടുതലുള്ള ഈ നാട്ടിൽ ഭക്ഷ്യക്ഷാമം രൂക്ഷമാകാനും മതി. അപ്പോഴേക്കും നിലച്ചുപോയ നെൽകൃഷി പുനരാരംഭിക്കുവാനുള്ള അറിവും പരിചയവും താത്പര്യവും ഇല്ലാതാകുകയും ചെയ്യും. ഇതു നാട്ടിൽ പട്ടിണിയും ദാരിദ്ര്യവും ആയിരിക്കും സൃഷ്ടിക്കുക.

നമ്മുടെ നാട്ടിൽ ഏതു തരത്തിലുള്ള കൃഷിക്കും സാധ്യതയുള്ള മണ്ണും കാലാവസ്ഥയുമാണ് ഉള്ളത്. വൈവിധ്യമാർന്ന കൃഷികൾ ഇവിടെ നിലനിന്നു വന്നിരുന്നു. എന്നാൽ റബ്ബറിന് വില കൂടിയതോടെ അവയുടെയെല്ലാം സ്ഥാനത്ത് കരഭൂമിയിലും ഭാഗികമായി വയലുകളും റബ്ബർ കൃഷി ആരംഭിച്ചു. അതോടെ നൂറ്റാണ്ടുകളായി കേരളത്തിൽ വളർന്നുവന്നിരുന്ന തെങ്ങും അവയ്ക്കിടയിൽ കൃഷി ചെയ്തിരുന്ന മറ്റ് നടുതലകളും പൂർണ്ണമായി തന്നെ ഇല്ലാതായി. കേരളം റബ്ബർ കൃഷിയുടെ നാടായി മാറി. എന്നാൽപെട്രോളിയത്തിന്റെ വിലയിടിഞ്ഞ് കൃത്രിമ റബ്ബർ കുറഞ്ഞ ചെലവിൽ നിർമ്മിക്കാനായ സാഹചര്യത്തിൽ സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിപണിയിൽ കുറഞ്ഞു. ഇതോടെ റബ്ബർ ടാപ്പിങ്ങ് തന്നെ നിലച്ചു വരികയാണ്. കേരളത്തിന്റെ കാർഷിക ഉത്പാദനം മിക്കവാറും റബ്ബർ ആയി പരിമിതപ്പെടുകയും അതിന്റെ ടാപ്പിങ്ങ് നടക്കാതെ വരികയും ചെയ്യുന്നത് നീണ്ടുപോകുമ്പോൾ ആഭ്യന്തരമായി ധനോല്പാദനം കാര്യമായി കുറയുന്നു. അതോടെ തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങളും നഷ്ടപ്പെടുന്നു. അതുകൊണ്ട് നാടിന്റെ ഉത്പാദന രംഗത്തും തൊഴിൽ രംഗത്തും സൃഷ്ടിക്കപ്പെടുന്നത് കടുത്ത പ്രതിസന്ധിയാണ്. ഈ അവസ്ഥ നാടിന്റെ വികസന സംരംഭങ്ങളെ തളർത്തുകയും വികസനത്തെ മന്ദീഭവിപ്പിക്കുകയും ചെയ്യും. ഇന്ന് നേരിയ തോതിൽ അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്ന ഈ പ്രശ്നം അടുത്ത നാളുകളിൽ രൂക്ഷമാകും. പൗരന്റെ ക്രയശേഷിയും നാടിന്റെ വികസന സാധ്യതകളും തകർത്ത് സംസ്ഥാനത്തെ കാര്യമായ സാമ്പത്തിക ഞെരുക്കത്തിലെത്തിക്കും.

അതായത് നാടിന്റെ സമൃദ്ധിയുടെ അടിസ്ഥാനമായ കൃഷിരംഗത്തു വന്നിരിക്കുന്ന തകർച്ച വേണ്ടവിധം ഗൗരവമായി വീക്ഷിക്കുവാനും അതിനു പരിഹാര വഴികൾ കണ്ടെത്തുവാനും സർക്കാരിന് ബാധ്യത ഉണ്ട്. എന്നാൽ മദ്യവ്യവസായം പ്രോത്സാഹിപ്പിച്ചും സകലരംഗത്തും അഴിമതി നടത്തിയും വാർത്ത സൃഷ്ടിക്കുന്ന ഭരണകൂടത്തിന് നാട് അഭിമുഖീകരിക്കുന്ന പ്രശ്നത്തെപ്പറ്റി യാതൊരു ചിന്തയും ഇല്ല. സമൃദ്ധിയുടെ നാളുകൾ മുമ്പിൽ കണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതു മാത്രം വികസനമായി കാണുന്ന സമൂഹവും ഇതിനെപ്പറ്റി ഭാരപ്പെടുന്നില്ല. കൃഷി രംഗത്ത്, പ്രത്യേകിച്ച് ഭക്ഷ്യ-നാണ്യവിളകളുടെ ഉത്പ്പാദനപ്രക്രിയ സജീവമാക്കാനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്. ജലസമൃദ്ധിയും അനുകൂലകാലാവസ്ഥയും ഉള്ള ഈ നാട്ടിൽ ജൈവവൈവിദ്ധ്യം നഷ്ടപ്പെടാതെ കൃഷിയും മൃഗസംരക്ഷണവും പുനരാരംഭിച്ച് ആഭ്യന്തര ഉത്പ്പാദനം ഉയർത്തേണ്ട അനിവാര്യ ഘട്ടത്തിലാണ് നാം ഇന്ന് എത്തിയിരിക്കുന്നത്. ഇതു തിരിച്ചറിഞ്ഞ് ജനത്തെ ബോധ്യപ്പെടുത്താനും പരിഹാരങ്ങൾ തേടാനും ഭരണകൂടത്തിന് സാധിക്കേണ്ടതാണ്.

അതുപോലെ തന്നെ പച്ചക്കറി, പഴവർഗ്ഗകൃഷികൾക്ക് സ്ഥലമില്ലാത്തവർക്ക് വീടിന്റെ മേൽത്തട്ടിലും ബാൽക്കണിയിലും പോലും കൃഷി നടത്തുവാനുള്ള സാധ്യതകൾ ഉപയോഗിക്കപ്പെടുത്തുകയാണ് എങ്കിൽ രൂക്ഷമായ കീടനാശനി പ്രയോഗത്തിന് വിധേയമായി അയൽസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിൽ നിന്ന് രക്ഷനേടാം. ഇത് കൂടാതെ ഉത്പ്പാദന രംഗത്ത് ഗണ്യമായ പുരോഗതി ആർജ്ജിക്കുകയും ചെയ്യാം. ഇതിന് അടിസ്ഥാനപരമായി മനുഷ്യന് കൃഷിയോടുള്ള മനോഭാവം മാറ്റിയെടുത്തേ തീരൂ. കൃഷി എന്നത് വ്യക്തിപരമായ ലാഭത്തിന് ഉപരി നാടിന്റെ സാമ്പത്തിക ഭദ്രതയ്ക്കും നിലനിൽപ്പിനും ആവശ്യമാണ് എന്ന ചിന്ത സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതുകൂടാതെ ഏതൊരു കാലഘട്ടത്തിലുമുള്ള മനുഷ്യന്റെ ജീവിത നിയോഗമായി ഇതിനെ തിരിച്ചറിയുകയും വേണം. നൂറ്റാണ്ടുകളിലൂടെ മനുഷ്യനെ നയിച്ച് ഇന്നുള്ള സ്ഥിതിയിലേക്കും സംസ്കാരത്തിലേക്കം എത്തിച്ചത് കൃഷിയാണ് എന്നും അതു തകർന്നാൽ തകരുന്നത് നാടിന്റെ സാമ്പത്തിക ഭദ്രതയും ജീവന്റെ നിലനിൽപ്പും ആണ് എന്നും മനസ്സിലാക്കി സത്വരമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ധ്യാനം

# നിഷ്ക്കളങ്കന്റെ പ്രയാണവഴികൾ

**ഫാ. കെ. വി. ഏലിയാസ്**

**യോ**നാ എന്നവാക്കിന് 'പ്രാവ്' എന്നാണ് അർത്ഥം. പ്രാവ്, പുതിയ നിയമത്തിൽ കർത്താവ് പറയുന്നതനുസരിച്ച്, നിഷ്ക്കളങ്കതയുടെ പ്രതീകമാണ്. കൂടാതെ കർത്താവിന്റെ മാമോദീസാ സമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. എങ്കിൽ യോനാ നിഷ്ക്കളങ്കതയുടെയും പരിശുദ്ധാത്മാവിന്റെയും പ്രതീകമാകണം.

മൂന്നു നോമ്പിന്റെ നാളുകളിൽ നാം വായിച്ചു ധ്യാനിക്കുന്നത് യോനായുടെ പുസ്തകമാണ്. അതുകൊണ്ട് യോനായെക്കുറിച്ച് ചില ചിതറിയ ചിന്തകൾ നമുക്ക് ഒരുമിച്ചു പങ്കുവെയ്ക്കാം.

അമിത്ഥായുടെ മകനായ യോനായെക്കുറിച്ച് പഴയ നിയമത്തിൽ അധികം പരാമർശനങ്ങൾ ഇല്ല. ഉള്ളവ വച്ചുനോക്കിയാൽ (2 രാജാ. 14:25) ഇദ്ദേഹം യിസ്രായേലിൽ യൊരൊബെയാം രണ്ടാമന്റെ കാലത്ത് (790-750 BC). പ്രവചനം നടത്തിയതായി കാണുന്നു. യോനായുടെ പുസ്തകം ഒരു പ്രവചനപുസ്തകമല്ല എന്നതും ശ്രദ്ധേയം. ഇത് യോനായുടെ കഥയാണ്, നിനുവെയുടെ കഥയാണ്.

ദൈവത്തെ അറിയുന്ന, ദൈവം അറിയുന്ന ഒരു മനുഷ്യൻ (പ്രവാചകൻ) ദൈവനിർദ്ദേശം മറുത്ത് മറ്റൊരിടത്തേക്കു ഒളിച്ചോടുന്നതായി പറഞ്ഞാണ് കഥ തുടങ്ങുന്നത്. നിഷ്ക്കളങ്കതയുടെ ഒരു ഭാവം ഈ ഭാഗത്ത് കാണാനാവും. "ഞാനെന്തിന് ജനത്തിന്റെ മുമ്പിൽ ദുഷ്പ്പേരുകാരനാകണം? കരുണയുള്ള ദൈവം തീർച്ചയായും അനുതപിക്കുന്ന ജനതയോട് കരുണ ചെയ്യും" എന്ന ഉറച്ച ബോധ്യം അദ്ദേഹത്തെ ഭരിക്കുന്നു. ദുഷ്പ്പേരു സമ്പാദിക്കാതിരിക്കുവാനുള്ള ഏറ്റവും നിഷ്ക്കളങ്ക മാർഗ്ഗമായാണ് ഈ വഴിമാറി യാത്രയെ കാണാനാവുക. ഈ നിഷ്ക്കളങ്ക ഭാവം തന്നെയാണ്. കാറ്റും കോളും കൊണ്ട് കലുഷമായ സാഹചര്യത്തിലും കപ്പലിന്റെ അടിത്തട്ടിൽക്കിടന്ന് സ്വസ്ഥമായി ഉറങ്ങുവാൻതക്ക മന:സമാധാനം യോനായ്ക്കു നൽകുന്നതും. യോനാ തന്റെ യാത്രയ്ക്കിടയിൽ നിഷ്ക്കളങ്കതയാൽ ദൈവത്തിൽ നിന്ന് ഓടിയകലുകയാണ്.

രണ്ടാമതായി യോനായിൽ കാണുന്ന ഒരു പ്രത്യേകത സംഭവിക്കുന്ന കാര്യങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ അദ്ദേഹത്തിന് മടിയില്ലായെന്നതാണ്. ഉറങ്ങുന്ന യോനായെ വിളിച്ചുണർത്തി, നറുക്കിട്ട് ഈ കലുഷ സാഹചര്യത്തിനു ഉത്തരവാദി യോനായാണെന്ന് കാണിക്കുമ്പോൾ ഈ നിഷ്ക്കളങ്കൻ അത് നിഷേധിക്കുന്നില്ല. താനാണ് ഈ കുഴപ്പങ്ങൾക്ക് കാരണമെന്ന പറഞ്ഞ് ആ ഉത്തരവാദിത്തം സ്വയം ഏൽക്കുന്നു. പലപ്പോഴും നമുക്കില്ലാതെപോകുന്ന ഒരു ആർജ്ജവം ഇതിൽ യോനാ കാണിക്കുന്നു.

മൂന്നാമതായി യോനായിൽ കാണുന്ന പ്രത്യേകത, തെറ്റു തന്റേതെങ്കിൽ, അതിന് ഏതുശിക്ഷയും- മരണം പോലും-സ്വീകരിക്കുവാൻ തയ്യാറാണെന്നതാണ്. ഇത് നിഷ്ക്കളങ്കതയുടെ, പരിത്യാഗത്തിന്റെ ശ്രേഷ്ഠഭാവമല്ലേ? കപ്പൽക്കാർ കപ്പലിലെ സാമാനങ്ങളെല്ലാം കടലിലെറിഞ്ഞ്, എങ്ങനെയും തീരത്തടുക്കുവാൻ ശ്രമിക്കുമ്പോൾ, അത് പ്രയോജനമാകില്ല എന്നറിഞ്ഞ് സ്വയം കടലിലേക്ക് (കടലെപ്പോഴും നാശത്തിന്റെ, ആഴങ്ങങ്ങളുടെ അഗാധകൂപത്തിന്റെ പ്രതീകമാണ്) എറിയപ്പെടുവാൻ തയ്യാറാകുകയാണ്.

നിഷ്ക്കളങ്കത, ദുഷ്പേരിനെയോർത്തുള്ള ഒളിച്ചോട്ടത്തിലേക്കും കുഴപ്പങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുവാനുള്ള ആർജ്ജവത്വത്തിലേയ്ക്കും ഏതു ശിക്ഷയും സ്വീകരിക്കുവാനുള്ള മനോധൈര്യത്തിലേക്കും നയിക്കുന്നതാണ്. മറ്റൊരു വിധത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചാൽ ഏതു 'ദൈവപുരുഷനും' തെറ്റിപ്പോകാനുള്ള സാധ്യത എപ്പോഴുമുണ്ട്. അഥവാ 'രക്ഷിക്കപ്പെടുക', 'വിളിക്കപ്പെടുക' എന്നത്, സ്വാഭാവികമായി ആത്യന്തികത നൽകുന്നില്ല എന്നയാഥാർത്ഥ്യം ഇവിടെ സൂചിപ്പിക്കുന്നു. യാബ്ബോക് കടലിലെ ദൈവപുരുഷനുമായുള്ള മൽപ്പിടുത്തത്തിനുശേഷം (ഉല്പത്തി 32) യാക്കോബ് യിസ്രായേലായി വിളിക്കപ്പെട്ടു. പക്ഷേ, തുടർന്നങ്ങോട്ട് ഒരു മുടന്ത് ഉണ്ടായിരുന്നുവെന്നാണ്. നിഷ്ക്കളങ്കതയുടെ, വീണ്ടെടുപ്പിന്റെ, വിളിയുടെ ഈ ജീവിതം തുടരുന്നത് വീണ്ടും വീണ്ടുമുള്ള ഉണർവിന്റെയും, വീഴ്ചയുടെയും ഉയർച്ചയുടെയും തുടർ പ്രയാണമായാണ്. യോനായുടെ ജീവിതത്തിന്റെ ആദ്യഭാഗം-ഒന്നാം അദ്ധ്യായം-ഈ പാഠമാണ് നമുക്ക് നൽകുന്നത്.

ഇങ്ങനെയുള്ള മനുഷ്യരെ ദൈവം കൈവിടില്ലെന്ന് യോനായെ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു ദിവസം സംരക്ഷിച്ച സംഭവം സാക്ഷിക്കുന്നു.

രണ്ടാമദ്ധ്യായം-യോനായുടെ പ്രാർത്ഥന-ആഴിയുടെ ആഴങ്ങളിൽ നിന്ന് ദൈവത്തോടുള്ള അപേക്ഷയാണ്. ദൈവം കരുതുമെന്ന ഭക്തന്റെ ഉത്തമബോധ്യം ആ പ്രാർത്ഥനയിൽ നിഴലിക്കുന്നുണ്ട്. അത്യന്തം ഭീകരവും ഭീഷണവുമാണ് തൽക്കാലികാവസ്ഥയെങ്കിലും ആത്യന്തികമായി വീണ്ടെടുപ്പുകാരനായ ദൈവം

തന്നെ സംരക്ഷിക്കുമെന്ന ഉറപ്പായ വിശ്വാസം യോനായെ ധൈര്യപ്പെടുത്തുന്നു. ഈ ധൈര്യം രണ്ടാമത്തെ അദ്ധ്യായത്തിൽ നമുക്ക് കാണാനാവും. പരിശുദ്ധാത്മാവ് ഏതുപ്രതികൂല സാഹചര്യങ്ങളിലും നമ്മെ സത്യത്തിലും നീതിയിലും വഴി നടത്തുന്നവനാണ്. പ്രാവായ യോനാ ഈ വഴിയിലേക്ക് നീങ്ങുന്നു.

യോനായെ വീണ്ടും നിനുവെയിലെത്തിക്കുന്നതായി പറഞ്ഞ്, നിനുവയുടെ വലിപ്പം സൂചിപ്പിച്ചിട്ട് അടുത്ത അദ്ധ്യായം തുടങ്ങുമ്പോൾ, യോനാ വേറൊരുമനുഷ്യനാണ്. ഇനി ഒളിച്ചോടുവാൻ, വഴി മാറിനടക്കുവാൻ ഒരു ശ്രമവുമില്ലവിടെ. ദൈവം പറയുന്നു. 'നാശത്തിന്റെ സന്ദേശം' ജനത്തോട് യോനാപറയുന്നു. മൂന്നുദിവസത്തെ വഴി-മത്സ്യത്തിനുള്ളിൽ മൂന്നുദിവസം കിടന്നതിനു തുല്യം - സഞ്ചരിക്കേണ്ടതുണ്ട്. ഒരുദിവസം വഴി ദൂരം സഞ്ചരിച്ചു പ്രസംഗിച്ചത് 40 ദിവസം കഴിഞ്ഞാൽ നഗരത്തിന്റെ നാശം എന്നാണ്. എന്നാൽ രണ്ടും മൂന്നും ദിവസങ്ങളിൽ പ്രസംഗിച്ചുവോ എന്ന് കൃത്യമായി പറയുന്നില്ല. ഒരു ദിവസത്തിന്റെ പ്രസംഗം തന്നെ ജനത്തിന് മാറ്റമുണ്ടാക്കി. സ്വയം തീരുമാനിക്കുന്ന ഉപവാസത്തിന്റെ ദിവസങ്ങൾക്ക് രാജകിയാംഗികാരം കൂടിയാകുമ്പോൾ പ്രാവിന്റെ പ്രതീക്ഷപോലെ ദൈവം 'അനുതപിച്ചു'. വരുത്തുമെന്ന് നിശ്ചയിച്ച ശിക്ഷ നീങ്ങിപ്പോകുമെന്ന് ഉറപ്പായി.

യോനായ്ക്ക് അനല്പമായ മനോവേദനയാണ് ഇത് ഉളവാക്കുന്നത്. വീണ്ടും തളർന്നുപോകുന്ന, തകർന്നുപോകുന്ന അവസ്ഥ. കുടിലുണ്ടാക്കി നഗരനാശം കാത്തിരിക്കുന്ന യോനയെ നാലാം അദ്ധ്യായം വരച്ചുകാട്ടുന്നു. മറ്റുള്ളവർക്കുവേണ്ടി അവരുടെ മനം തിരിവിനു വേണ്ടി പ്രസംഗിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും, അവരുടെ രൂപാന്തരത്തെക്കാൾ നാശത്തിനായി കാത്തിരിക്കുന്ന, നമ്മുടെ വിജയത്തിനായി കാത്തിരിക്കുന്ന നമ്മുടെ ഭാവം യോനായിലും വായിച്ചെടുക്കാം.

അവിടെ, ആവണക്ക് മുളപ്പിച്ചു വളർത്തി തണൽ കൊടുത്ത് ആശ്വസിപ്പിച്ച്, പെട്ടെന്നത് നഷ്ടപ്പെടുത്തി തണൽ നഷ്ടപ്പെട്ട് കരയുന്ന യോനായെ പുതിയപാഠം പഠിപ്പിക്കുന്ന ദൈവത്തെ അവതരിപ്പിച്ചുകൊണ്ട് കഥ അവസാനിക്കുമ്പോൾ ഈ ചോദ്യം പ്രസക്തമാണ്. യോനാ എന്തെങ്കിലും പഠിച്ചുവോ? മാനസാന്തരം യോനായ്ക്കുണ്ടായോ? ദൈവത്തെ അറിയുന്ന ദൈവം അറിയുന്ന യോനാ മനുഷ്യന്റെ വിശ്വാസജീവിതത്തിലെ ഉയർച്ച താഴ്ചകളുടെ, വിജയ പരാജയങ്ങളുടെ കഥ നമ്മുടെ മുമ്പിൽ വരച്ചുകാണിക്കുന്നു.

നിഷ്ക്കളങ്കനാണ്, പ്രവാചകനാണ്. പക്ഷേ, വീണുപോകുന്നവൻ, വീണ്ടെടുക്കപ്പെടുന്നവൻ, ഇനിയും പരാജയപ്പെടുവാൻ സാധ്യതയുള്ളവൻ, അതിനാൽ ഇനിയും വീണ്ടെടുക്കപ്പെടുവാനും സാധ്യതയുള്ളവൻ. വേണ്ടത് ഒന്നുമാത്രം. ദൈവത്തിലുള്ള പൂർണ്ണവിശ്വാസം. വീഴ്ചയിലും താങ്ങുന്നവൻ ദൈവം. നാം അവനുള്ളവർ എന്നബോധ്യത്തോടെയുള്ള ജീവിതം. നിഷ്ക്കളങ്കത ജീവിതസാക്ഷ്യമാകുന്നതിങ്ങനെയാണ്. യോനാ അതിന് നല്ലൊരുദാഹരണം.

●

*(2-ാം പേജിൽ നിന്ന് തുടർച്ച)*

വില നൽകി കൃഷിത്തൊഴിലിനെ ലാഭകരമാക്കി കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് അതിനുള്ള മാർഗ്ഗം. അതോടെ സമൂഹത്തിൽ കർഷകന്റെ അന്തസ്സ് ഉയരുകയും വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കൃഷിത്തൊഴിലിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. ഇതിനുള്ള നടപടികൾ ഭരണാധികാരികളിൽ നിന്ന് ഉണ്ടാകുന്നില്ലെങ്കിൽ കൃഷി സിനിമാനടന്മാരുടെ ഹോബിയും പണക്കാരുടെ പൊങ്ങച്ചവും കൃഷിഉദ്യോഗസ്ഥരുടെ പരസ്യവും സ്കൂൾ കുട്ടികളുടെ മേലുള്ള ഇംപോസിഷനുമായി മാറും. കർഷകവർഗം അന്യംനിന്നു പോവുകയും ചെയ്യും.

കർഷകരെ സഹായിക്കാൻ സഭയ്ക്ക് എന്തുചെയ്യാൻ കഴിയും? കർഷകക്കൂട്ടായ്മകൾ ഓരോ ഇടവകയിലും-പ്രത്യേകിച്ച് ഗ്രാമീണ ഇടവകകളിൽ-ആരംഭിക്കണം. കൃഷിരംഗത്തെ ആധുനിക പ്രവണതകളെ അവരുടെ നേതൃത്വത്തിൽ ഇടവകജനങ്ങളിൽ എത്തിക്കണം. നാട്ടിലെ നല്ല കർഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പ്രത്യേകം ആദരിക്കുകയും വേണം. നല്ല വിത്തിനങ്ങൾ, സസ്യസംരക്ഷണ മാർഗ്ഗങ്ങൾ, വളപ്രയോഗരീതികൾ മുതലായവയിൽ പരിചയസമ്പന്നരായ കർഷകരുടെയും കൃഷിഉദ്യോഗസ്ഥരുടേയും സഹകരണത്തോടെ കർഷകക്കൂട്ടായ്മയിലെ അംഗങ്ങൾക്ക് ബോധവത്ക്കരണം നടത്തണം. ഫലമൂലങ്ങളുടെ സംസ്ക്കരണ പ്രിസർവേഷൻ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക. കായികാദ്ധ്വാനം, പണം മുടക്ക്, വിത്ത്-തൈ ശേഖരണം എന്നിവയിൽ സഹകരിക്കണം. കൃഷിഉദ്യോഗസ്ഥരും, കർഷകസംഘടനകളും മറ്റുമായി നല്ല ബന്ധം സ്ഥാപിച്ച് സർക്കാരിൽ നിന്ന് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങളും ധനസഹായങ്ങളും നേടിയെടുക്കുന്നതിന് ശ്രമിക്കണം.

സമൂഹത്തിൽ കർഷകർ നിർവ്വഹിക്കുന്ന അതുല്യവും നിസ്തുലവുമായ സേവനത്തെ ഉയർത്തിക്കാട്ടി അവർക്ക് അർഹമായ വരുമാനവും അംഗീകാരവും നേടിക്കൊടുക്കുന്നതിന് എല്ലാജീവിതരംഗങ്ങളിലും പ്രവർത്തിക്കുന്നവർ സഹകരിക്കേണ്ടതാണ്. അതിനുള്ള ആഹ്വാനമാണ് ഡയോസിസൻ ബുള്ളറ്റിൻ അതിന്റെ ഈ മുഖക്കുറിപ്പിലൂടെ നൽകുന്നത്. ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കനുസരിച്ച് ഇന്ത്യൻ കർഷകന്റെ ശരാശരി പ്രതിമാസവരുമാനം വെറും 6500-രൂപ മാത്രമാണെന്ന വസ്തുത നാം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്.

ലേഖനം

# പാഴായിപ്പോകുന്ന വിദ്യാർത്ഥി ജീവിതം

**എ. ജി. ജെയിംസ്, പാലക്കുഴ**

കേരളത്തിൽ എഞ്ചിനീയറിംഗിന് ചേരുന്നതിൽ രണ്ടിലൊരാൾ മാത്രമേ എഞ്ചിനിയറാകുന്നുള്ളു എന്നൊരു സന്തോഷ വാർത്ത ഈയിടെ കണ്ടു!

ആരാണിതിലെ വില്ലൻ ?

ഇതെന്ത് ചോദ്യാ മാഷേ? ആഗോളവൽക്കരണത്തിന്റെ കാലമല്ലേ, ബൂർഷ്വാ സർക്കാരും സ്വാശ്രയക്കാരും ചേർന്ന് എല്ലാം നശിപ്പിച്ചില്ലേ!

ഇതാണോ യഥാർത്ഥ ചിത്രം?

സ്വന്തം വിദ്യാർത്ഥി ജീവിതം മാതാപിതാക്കൾ ഒരുക്കിയ ഒരു കെണി ആയിരുന്നു എന്ന് തിരിച്ചറിയുന്ന അനേകം യുവതീ-യുവാക്കൾ ഇന്ന് കേരളത്തിലുണ്ടാകും. പ്രതിഷേധിക്കാൻ മാർഗ്ഗമില്ലാത്തതിനാൽ മൗനം പാലിക്കുന്നു. നേരാംവണ്ണം തിരിച്ചറിവില്ലാത്ത പ്രായത്തിൽ ധനമോഹം മാത്രം ലക്ഷ്യമിട്ട് എന്തിനൊക്കെയോ ചേർത്തു എന്തൊക്കെയോ പഠിച്ചു . ഒടുവിൽ തൊഴിൽ തേടി ഇറങ്ങിയപ്പോഴാണ് പഠിക്കേണ്ടതൊന്നും പഠിക്കേണ്ടതുപോലെ പഠിച്ചില്ലെന്നറിയുന്നത്. വയസ്സാണെങ്കിൽ 20-22 കടന്നു.പെൺകുട്ടികളാണെങ്കിൽ വിവാഹ കമ്പോളത്തിൽ പ്രവേശിക്കേണ്ട സമയവുമായി. ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെ കൈയിലുണ്ടെങ്കിലും തൊഴിൽ ലഭിക്കാൻ ആവശ്യമായ അടിസ്ഥാനയോഗ്യതകളൊന്നും (Employability) കൈവശമില്ലെന്നാണ് വിവരമുള്ളവർ പറയുന്നത്. ഇനി ഒന്നേന്ന് തുടങ്ങാനുള്ള സമയവുമില്ല. ഫലമോ? ജീവിതകാലം മുഴുവൻ മുതൽക്കൂട്ടാവേണ്ട 10-15 വർഷത്തെ പ്രയത്നം കൊണ്ട് നേടേണ്ടതൊന്നും നേടിയില്ല എന്ന തിരിച്ചറിവോടെ, ദിശാബോധം നഷ്ടപ്പെട്ട് ,പാതിവഴിയിൽ നമ്മുടെ മക്കൾ പകച്ചു നിൽക്കുന്നു. ഇത് സൃഷ്ടിക്കുന്ന അമർഷത്തിന്റെയും അരക്ഷിതാവസ്ഥയുടേയും ബഹിർസ്ഫുരണമാണ് ഇന്ന് സമൂഹം ഏറ്റുവാങ്ങുന്ന ദുരന്തങ്ങളിൽ പലതും.

കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ അപചയത്തിന് രാഷ്ട്രീയ-സാമുഹ്യ-സാമ്പത്തിക കാരണങ്ങൾ ഏറെയുണ്ട്. അത്തരം വിഷയങ്ങൾ നിരന്തരം ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് പൊതുവേ വിസ്മരിക്കപ്പെടുന്നതായാണ് കാണുന്നത്. പൂർവ്വികർ നിരക്ഷരരായിരുന്നെങ്കിൽ ഇന്നത്തെ തലമുറ വിദ്യാസമ്പന്നരാണ്. (ചുരുങ്ങിയ പക്ഷംഅങ്ങനെ ഭാവിക്കുകയെങ്കിലും ചെയ്യുന്നു.) അവരാണ് സ്വന്തം കുഞ്ഞുങ്ങളെ ഇത്തരത്തിൽ കുരുതി കൊടുക്കുന്നത്. മക്കളെ ട്യൂഷൻ, എൻട്രൻസ്, ബാങ്ക് കോച്ചിംഗ് ഇത്യാദി ഈവന്റ് മാനേജ്മെന്റുകാരെ ഏൽപ്പിച്ച് മുടക്കിയ ലക്ഷങ്ങൾ പലിശയടക്കം എപ്പോൾ തിരികെ ലഭിക്കും എന്ന ഏക പ്രതീക്ഷയും ലക്ഷ്യവുമാണ് അവർക്കുള്ളത്.

10-12 വർഷം ഇംഗ്ലീഷ് മീഡിയത്തിൽ പയറ്റിയ ഒരു കുട്ടിക്ക് active/passive voice വ്യത്യാസം അറിയില്ലെങ്കിൽ വിദ്യാർത്ഥിയെ അതിന് കുറ്റപ്പെടുത്താൻ കഴിയില്ല. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഭാഷാ പ്രാവീണ്യം, ആശയവിനിമയത്തിനുള്ള കഴിവ്, ആവശ്യമെങ്കിൽ ഒരു സ്റ്റേജിൽ കയറി 10 മിനിറ്റ് ചിലവഴിക്കുന്നതിനുള്ള ആത്മവിശ്വാസം ശാസ്ത്ര-മാനവിക വിഷയങ്ങളിൽ പ്ലസ്ടു തലത്തിലുള്ള അറിവ്, ശരാശരി പൊതുവിജ്ഞാനം, ഇത്രയും കൈമുതലായുണ്ടെങ്കിൽ ഇന്നത്തെ ലോകത്തിൽ തൊഴിൽ നേടുക ബുദ്ധിമുട്ടുള്ളകാര്യമല്ല. എന്നാൽ സിലബസിന് പുറത്തേക്ക് ഒരു കുട്ടിയും വളരണമെന്ന ആഗ്രഹം പൊതുവേ മാതാപിതാക്കൾക്കില്ല. (അവർക്ക് വേണ്ടെങ്കിൽ പിന്നെ ഞങ്ങൾക്കെന്തിന് എന്ന് അദ്ധ്യാപകരുടെ ഭാവം) ഫലമോ? പഠിച്ച കോഴ്സിന് പുറത്തിറങ്ങുമ്പോൾ ഡിമാന്റില്ലെങ്കിൽ 'പയ്യൻ/പയ്യി' പെരുവഴിയിൽ! കാരണം, അടിസ്ഥാന മേഖലകളിലൊക്കെ ഇഷ്ടൻ വട്ടപ്പൂജ്യം. 38 ലക്ഷത്തിൽപ്പരം സ്കൂൾ വിദ്യാർത്ഥികളുള്ള കേരളത്തിലെ ഇംഗ്ലീഷ് ദിനപത്രങ്ങളുടെ ആകെ സർക്കുലേഷൻ 4 ലക്ഷത്തിൽ താഴെയാണത്രേ. മക്കളുടെ പഠനകാര്യങ്ങളിലുള്ള മാതാപിതാക്കളുടെ അജ്ഞതയും, അവഗണനയും തെളിയിക്കാൻ കണക്കിലെ ഈ അന്തരം തന്നെ ധാരാളം. രണ്ടു വർഷം മുമ്പാണ് കേരളത്തിൽ നിന്നുള്ള ഒരു നേഴ്സിംഗ് വിദ്യാർത്ഥിനി സിവിൽ സർവ്വീസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഇതിനൊരു മറുവശമുണ്ട്. ഐ. എ. എസ്. പോലെ അതിധീഷണാപാടവം ആവശ്യമായ മേഖലകളിൽ ശോഭിക്കാൻ കഴിയുന്ന എത്രയോ ആനീസ് കൺമണിമാർ നേഴ്സിംഗ് എന്ന നോട്ടടി യന്ത്രത്തിൽ തല വെച്ച് ഹരാകിരി നടത്തുന്നുണ്ടാവാം.

മാതാപിതാക്കളെ സമൂഹത്തിന്റെ ഒരു പരിഛേദമായി സങ്കല്പിക്കാമെങ്കിൽ അവർ ശിക്ഷണം നൽകുന്ന മക്കൾ കാരണവന്മാരുടെ ചിന്തക്കും, നിലവാരത്തിനുമപ്പുറം ഉയരില്ല എന്നതിന് കേരളം പോലെ മഹത്തായ ഉദാഹരണം വേറെ ഉണ്ടാവില്ല. കാര്യമായ അദ്ധ്വാനമില്ലാതെ എങ്ങനെ വേതനം കൈപ്പറ്റാം എന്ന് ചിന്തിക്കുന്ന പിതാവിന്റെ മകൻ മെയ്യനങ്ങാതെ പരീക്ഷ കടന്നു കിട്ടണം എന്ന് ആഗ്രഹിക്കുന്നതിൽ തെറ്റില്ലല്ലോ.കേരളത്തിലെ ഓരോ കുടുംബവും ഭീമമായ തുകയാണ് മക്കളുടെ വിദ്യാഭ്യാസത്തിനായി ചിലവിടുന്നത്. എന്നിട്ടും 10-15

വർഷത്തെ പ്രയത്നത്തിനു ശേഷം മക്കൾ പെരുവഴിയിലാണെങ്കിൽ പിന്നിട്ട പാതകളിലെവിടെയോ സാരമായ തകരാറുണ്ടെന്ന് വ്യക്തം.

മക്കൾ നല്ല നിലയിൽ എത്തണം എന്നതിലെ 'നല്ലനില' Expand ചെയ്താൽ കിട്ടുന്നത് ഏറെക്കുറെ ഇവയാണ് : വിദേശജോലി, ആറക്ക ശമ്പളം, ചുരുങ്ങിയത് 4000 Sqft വീട്, അതിനുള്ളിൽ നടക്കുന്ന കുടുംബകലഹങ്ങൾ പുറംലോകം അറിയാത്ത രീതിയിലുള്ള വിയ്യൂർ മോഡൽ മതിൽ, ഗേറ്റ്, കാർ ഷെഡ്ഡിൽ ചുരുങ്ങിയത് ഇന്നോവ, പിന്നെ രഹസ്യമായി റിയൽ എസ്റ്റേറ്റും ബാങ്ക് ബാലൻസും. ജ്ഞാനസമ്പാദനം, നീതിബോധം, സാമൂഹിക പ്രതിബദ്ധത, ഈശ്വരവിശ്വാസം തുടങ്ങിയ അടിസ്ഥാന മൂല്യങ്ങളും കൂടി പരിപോഷിപ്പിക്കുമ്പോഴാണ് കുട്ടികളുടെ വ്യക്തിത്വ വികാസം പൂർണ്ണതയിൽ എത്തുന്നത് എന്ന ചിന്തയക്ക് കാര്യമായ പിൻബലം കൂടുംബത്തിൽ നിന്നും ലഭിക്കുന്നില്ല.

മക്കളുടെ ഭാവിയെ കുറിച്ച് ആവശ്യത്തിലേറെ കരുതലും ഭീമമായ മുതൽമുടക്കും നിർവ്വഹിക്കുന്ന ഒരു സമൂഹം സാമന്യ യുക്തി അനുസരിച്ച് നാട്ടിലെ വിവേകമതികളെ ബഹുമാനിക്കുകയും അവരുടെ ധിഷണതയേയും നിതീബോധത്തേയും നാടിന്റെ വളർച്ചക്കായി പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യണ്ടതാണ്. എന്നാൽ സർവതും രാഷ്ട്രീയത്തിനും ജാതി- മത ചിന്തകൾക്കും അടിയറ വെച്ചതിനാൽ വിവേകമതികളെ അവഗണിച്ചും അപമാനിച്ചും കഴിയുമെങ്കിൽ നാടുകടത്തുകയും ചെയ്യുക എന്നതാണ് നമ്മുടെ പാരമ്പര്യം. ലക്ഷ്യം ഒരു വെടിക്ക് രണ്ടു പക്ഷി. ഈ നാട്ടിലെ ശല്യം ഒഴിവാകും എന്നത് ഒരു നേട്ടം. പ്രവാസി ആയാൽ അവരയയ്ക്കുന്ന കോടികൾ കൊണ്ട് നിലവിലുള്ള അഭ്യാസം തുടരാം എന്നത് മറ്റൊരു ലാഭം. എം. എൽ. എ യുടെ സ്ഥാനം കളക്ടർക്ക് മുകളിലുള്ള ഏക സംസ്ഥാനം കേരളമാണത്രേ!

മക്കളോടൊപ്പം നഗരത്തിലെ 'മാളു'കളും മറ്റ് ആഡംബരവേദികളും കയറിയിറങ്ങുന്നവരിൽ എത്ര പേർ ഒരു ബുക്ക് സ്റ്റാൾ പരിചയപ്പെടുത്തുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നുണ്ട്. വായനയും അതുവഴി ലഭിക്കേണ്ട അന്വേഷണത്വരയുമില്ലാതെ ഏത് വിദ്യാർത്ഥിയാണ് വിദ്യാഭ്യാസത്തിന്റെ പൂർണ്ണത കൈവരിക്കുന്നത്? പ്രൈമറി മുതൽ ദിവസേന അരമണിക്കൂർ പത്രം വായിച്ചാൽ ലഭിക്കുന്ന പൊതുവിജ്ഞാനം തേടിയാണ് ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെ കഴിഞ്ഞവർ പി. എസ്. സി/ ബാങ്ക് കോച്ചിംഗിനായി കൊല്ലത്തിനും കോഴിക്കോടിനും വണ്ടി കയറുന്നത്. ഈയൊരു അവസ്ഥക്ക് ഉത്തരവാദി ആഗോളവത്ക്കരണമല്ല; സർക്കാർ നയമോ സ്വാശ്രയക്കരോ അല്ല. പണവും മറ്റ് ആഡംബര ചുറ്റുപാടുകളും ഒരുക്കിയാൽ പഠനകാര്യത്തിലുള്ള കുടുംബത്തിന്റെ ചുമതല പൂർത്തിയായി എന്നതാണ് പൊതുചിന്ത. വിവിധതരം കോഴ്സുകൾ, അവയുടെ ഗുണനിലവാരം, സ്ഥാപനങ്ങളുടെ മേന്മ ഇവയൊന്നും ഇവിടെ ആലോചനാ വിഷയങ്ങളേ അല്ല. ഒറിജിനലും വ്യാജനും തമ്മിൽ വേർതിരിക്കാനുള്ള ശ്രമങ്ങളുമില്ല. ഇപ്പോൾ ഏറ്റവും പ്രചാരമുള്ള 'വ്യാജൻ' എം.ബി. എ ആണ്. ഇത് അഹമ്മദാബാദ് മുതൽ കുന്നംകുളം വരെ കിട്ടും. നമുക്ക് രണ്ടാമത് പറഞ്ഞതായാലും മതി. പുതിയ ഐ. ഐ. എം ആരംഭിക്കുന്നതിനുള്ള പ്രാഥമിക ബുദ്ധിമുട്ട് പ്രഗത്ഭരായ അദ്ധ്യാപകരെ ലഭിക്കാത്തതാണെന്ന് കേന്ദ്ര സർക്കാർ പറയുന്നു. നമ്മുടെ നാട്ടിൽ ഇവ സുലഭം!

വാഹനമോടിക്കുന്നതിന് ലൈസൻസ് ലഭിക്കണമെങ്കിൽ 18 വയസ് തികയണം. എന്നാൽ കുരുന്നു പ്രായത്തിൽത്തന്നെ മക്കളെ ഡ്രൈവിംഗ് പഠിപ്പിക്കുന്നത് ഇന്നൊരു പതിവ് ദൃശ്യമാണ്. മക്കളുടെ ഡ്രൈവിംഗ് പാടവത്തെ വിശേഷിപ്പിച്ച് ഇത്തരക്കാർ അഭിമാനം കൊള്ളുന്നതും കാണാം! ഈ പ്രവണത രണ്ട് അപായ സന്ദേശങ്ങൾ കുട്ടികളിലേക്ക് കടത്തി വിടുന്നുണ്ട്. ഒന്ന്, ഈ നാട്ടിൽ നിയമം ലംഘിച്ചാലും ചോദ്യം ചെയ്യപ്പെടില്ല എന്ന ചിന്ത. ഇത് ഭാവിയിൽ നിയമലംഘനങ്ങൾക്ക് മക്കളെ പ്രേരിപ്പിച്ചേക്കാം. മറ്റൊന്ന്, പഠനത്തിൽ കേന്ദ്രീകരിക്കേണ്ട മനസ്സ് ഡ്രൈവിംഗിലേക്കും വാഹനങ്ങളുടെ ത്രില്ലിലേക്കും വഴിമാറിപോകുന്നു. മുളയിലേ ഡ്രൈവിംഗ് പഠിച്ചവർ പിന്നെ 18-ാം പിറന്നാൾ വരെ അടങ്ങിയിരിക്കുമോ! പുതിയ മോഡൽ കാറോ ബൈക്കോ വേണമെന്നതാണ് അടുത്ത ഡിമാന്റ്. കുടുംബം അതിനും വഴങ്ങുന്നു. (രണ്ടെണ്ണം അകത്താക്കി മക്കളെക്കൊണ്ട് വണ്ടി ഓടിപ്പിക്കുന്ന പിതാക്കന്മാരും ഇന്ന് ധാരാളം!) ലക്ഷങ്ങൾ വിലവരുന്ന വാഹനങ്ങൾ, പതിനായിരങ്ങൾ മുടക്കുള്ള സ്മാർട്ട് ഫോണുകൾ, കൂട്ടത്തിൽ ഇന്റർനെറ്റും, ചാറ്റും, ഫേസ്ബുക്കും. സർക്കാരുകൾ ജനകീയമായതുകൊണ്ട് പരീക്ഷക്ക് ഓൾ പാസ് ഗ്യാരണ്ടി. മൊത്തത്തിൽ ആനന്ദലബ്ധിക്കിനിയെന്ത് വേണം!. "ജീവിതം നായ നക്കി" എന്ന് മലബാറിൽ ഒരു പ്രയോഗമുണ്ട്. അത് കടമെടുത്ത് ഈ രംഗം അവസാനിപ്പിക്കുന്നു.

ആഗോളവത്ക്കരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസമേഖല പൂർണ്ണമായും കച്ചവടവത്ക്കരിക്കപ്പെട്ടു എന്നതാണ് പൊതു ആരോപണം. ഇതിനെ മുഖവിലക്കെടുത്താൽത്തന്നെ, കമ്പോളവ്യവസ്ഥയുടെ പ്രമാണങ്ങളുനസരിച്ച് മത്സരം വർദ്ധിക്കുന്തോറും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും ആനുപാതികമായി വർദ്ധിക്കേണ്ടതാണ്. നമ്മുടെ നാട്ടിൽ അതും സംഭവിക്കുന്നില്ല. കച്ചവടമായാലും അടിസ്ഥാന ധാർമ്മികതയിൽ ശോഷണം സംഭവിച്ചാൽ ഒരു ഫോർമൂലയും നേരാം വണ്ണം പ്രവർത്തിക്കുന്നില്ല. സാമ്പത്തീക ശാസ്ത്രത്തിലെ Other things remaining constant എന്ന നിബന്ധന ഓർക്കുക.

മാതാപിതാക്കൾക്കെതിരെ നിരത്തിയ ഈ കുറ്റപത്രം തെറ്റിദ്ധരിക്കപ്പെടരുതെന്നും എനിക്കാഗ്രഹമുണ്ട്.

**വേദപഠനം**

അപ്പോ. പ്രവൃ 3:1-10

# ആദിമസഭ ഉയർത്തുന്ന മാതൃകയും വെല്ലുവിളിയും (തുടർച്ച)

ഡോ. തോമസ് അത്താനാസ്യോസ്

ഇല്ലാത്തവർക്ക് പങ്കുവയ്ക്കുവാൻ നമുക്കുള്ളത് സമ്പത്തു മാത്രമല്ല; സ്നേഹവും, മനുഷ്യത്വവും, സൗഖ്യാനുഭവവും മറ്റുമുണ്ട്. അതുകൊണ്ടാണ് പത്രോസ് ആ മുടന്തനോട് പറയുന്നത്: "എനിക്ക് സ്വർണ്ണവും വെള്ളിയും ഇല്ല. എന്നാൽ എനിക്കുള്ളത് ഞാൻ നിനക്കുതരാം" എന്ന്. ഇതു പറഞ്ഞാണ് അയാളെ പത്രോസ് കൈപിടിച്ച് ഉയർത്തി സൗഖ്യപ്പെടുത്തുന്നത്. പണം നൽകിയാൽത്തന്നെ മുടന്തനായ ആ മനുഷ്യന്റെ വൈകല്യം പരിഹരിക്കപ്പെടുന്നില്ല. എന്നാൽ എഴുന്നേറ്റ് നടക്കാനായാൽ അവന്റെ ആവശ്യം പരിഹൃതമാകും. ഉപജീവനം സ്വയം കണ്ടെത്താനാവും. അവൻ സ്വസ്ഥനും സ്വതന്ത്രനുമാകും. സ്വർണ്ണത്തിനും വെള്ളിക്കും ശാരീരിക ദൗർബല്യം നീക്കാനാവില്ല. സ്വസ്ഥത നൽകാനും കഴിയില്ല. സ്വന്തം ആവശ്യങ്ങൾ നിർവ്വഹിക്കാൻ അവൻ തുടർന്നും അന്യരെ ആശ്രയിക്കേണ്ടിവരും. അപമാനവും ആത്മനിന്ദയും അനുഭവിച്ചിരുന്ന ആ മനുഷ്യൻ സ്വന്തംകാലിൽ നിൽക്കാനാകുന്നതോടെ സ്വതന്ത്രനായിത്തീരുന്നു. സ്വാശ്രയനായി ജീവിതം ആരംഭിക്കുന്നു. ഈ സൗഖ്യാനുഭവമാണ് അയാളെ സന്തുഷ്ടനാക്കുന്നത്. ഭൗതികവിഭവങ്ങൾ, സൗകര്യങ്ങൾ എന്നിവ അവ ഇല്ലാത്തവരുമായി പങ്കുവയ്ക്കുക എന്നത് പ്രാഥമികവും അനിവാര്യവുമായ ക്രിസ്തീയ സമീപനമാണ്. ഇത്തരം സമഗ്രമായ സ്വസ്ഥമാകലാണ് ക്രിസ്തു നൽകുന്നത്. ഇതുതന്നെയാണ് പത്രോസ് മുടന്തനായ ആ ഭിക്ഷക്കാരന് നൽകുന്ന സൗഖ്യദാനം സൂചിപ്പിക്കുന്നത്.

'സ്വർണ്ണവും വെള്ളിയും എനിക്കില്ല' എന്ന പത്രോസിന്റെ പ്രഖ്യാപനം സ്വത്തെല്ലാം സഭയുടെ പേരിൽ എഴുതിക്കിട്ടിയാലേ അവിടെ നടക്കുന്ന ശുശ്രൂഷകളുമായി സഹകരിക്കുകയുള്ളൂ എന്ന ശാഠ്യത്തെ വെല്ലുവിളിക്കുന്നതാണ് എന്ന് സഭാനേതാക്കന്മാർ ഓർക്കേണ്ടതാണ്. സഭ സ്വത്താർജ്ജിച്ച് കൂട്ടുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതാണ് പത്രോസിന്റെ പ്രതികരണം. സ്വത്ത് കൂട്ടിവയ്ക്കാനുള്ളതല്ല, പങ്കിട്ട് ഉപയോഗിക്കുവാനുള്ളതാണ്. സ്വത്തിന്റെ കൂട്ടിവയ്പ്പ് സഭയെ അഴിമതിയിലേക്കും ധൂർത്തിലേക്കും ഭിന്നതയിലേക്കും ജീർണ്ണതയിലേക്കും നയിക്കും. സഭാസംവിധാനം മാത്രമല്ല, സ്വത്തുശേഖരണത്തിൽ വ്യഗ്രത കാണിക്കുന്നത്. സഭാദ്ധ്യക്ഷന്മാരിൽ പലരും അമിതമായ സ്വത്ത് കൈവശം ഉള്ളവരാണ്. ചിലർ അത് അതിപലിശ വാഗ്ദാനം ചെയ്യുന്ന ബാങ്കുകളിൽ നിക്ഷേപിക്കുന്നു. ചിലർ അടുപ്പക്കാരായ വ്യക്തികളുടെ കൈവശം ഏല്പിക്കുന്നു. പണമുടമകളായ സഭാദ്ധ്യക്ഷന്മാർ നാടുനീങ്ങുന്നതോടെ സഭാശുശ്രൂഷകൾക്കായി വിശ്വാസികൾ നൽകിയ പണം അന്യാധീനപ്പെടുകയും സഭയ്ക്ക് ഉപയോഗപ്പെടാതെ വരികയും ചെയ്യുന്നു. മേൽപ്പട്ടക്കാർ എന്തിന് പണം സമാഹരിച്ച് കൂട്ടിവയ്ക്കുന്നു? ലഭിക്കുന്ന പണം സഭയുടെ ദൗത്യ

---

മക്കളുടെ വളർച്ചക്കുള്ള ഒറ്റമൂലി മാതാപിതാക്കളാണെന്നും ഇവിടെ വിവക്ഷയില്ല. അദ്ധ്യാപകരുടേയും വൈദികരുടേയുമൊക്കെ കുട്ടികൾ വഴിപിഴക്കുന്നത് കുടുംബത്തിലെ ശിക്ഷണത്തിന്റേയും ബോധനത്തിന്റെയും കുറവുകൊണ്ടാണെന്ന് കരുതാനും വയ്യ. പൊതുവായ രാഷ്ട്രീയ-സാമൂഹിക അന്തരീക്ഷം, മാധ്യമങ്ങളും സ്ഥാപനങ്ങളും ഒരുക്കുന്ന ചതിക്കുഴികൾ തുടങ്ങിയവയെല്ലാം വിദ്യാഭ്യാസമേഖലയുടെ അപചയത്തിന്റെ മുഖ്യകാരണങ്ങൾ തന്നെയാണ്. എങ്കിലും ഇത്തരം ദുസ്വാധീനങ്ങളെയെല്ലാം മറികടക്കാനുള്ള തികച്ചും ബോധപൂർവ്വമായ ഒരു പരിശ്രമം നടത്തേണ്ടതിന്റെ പ്രാഥമിക ചുമതല മാതാപിതാക്കൾക്കാണ് എന്ന ഒരു ചിന്ത പങ്കുവെക്കുവാനാണ് ഇവിടെ ഉദ്ദേശിച്ചത്.

പഠനം തൊഴിലിന് വേണ്ടി മാത്രമല്ലെന്നും അത് അന്ത്യശ്വാസം വരെ നിലനിൽക്കേണ്ട ഒരു ജീവിത ശൈലി ആണെന്നുമുള്ള ഒരു ബോധ്യം കുട്ടികളിൽ വളരണം. മക്കളുടെ വിദ്യാഭ്യാസം വഴി കുടുംബത്തിന് സാമ്പത്തീക ഭദ്രത കൈവരണം എന്ന ചിന്തക്ക് മുൻതൂക്കം നൽകുമ്പോൾത്തന്നെ അവരെ അതിന് വേണ്ടി മാത്രം വളർത്തുന്ന ഒരു ഉല്പ്പന്നമായി കണക്കാക്കുന്ന രീതിക്ക് തീർച്ചയായും മാറ്റം വരേണ്ടതുണ്ട്. പഠനത്തിൽ സ്വന്തം മക്കൾ എത്രത്തോളം വരും, എന്താണവരുടെ പഠനതാല്പര്യങ്ങൾ, വളർന്നു വരുമ്പോൾ തൊഴിലിലും ജീവിതത്തിലും അവർ പുലർത്തേണ്ട ധാർമ്മികത എന്നിവയെക്കുറിച്ചുള്ള ബോധനങ്ങൾ ഉൾക്കൊള്ളുന്ന അക്കാദമിക സിലബസ് ഇതുവരെയും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഇതെല്ലാം 'കുടുംബ യൂണിവേഴ്സിറ്റി'യിൽ നിന്ന് തന്നെ ലഭ്യമാക്കാതെ, എന്തിനും വ്യവസ്ഥിതിയെ പഴിചാരി സ്വന്തം ചുമതലയിൽ നിന്നും തലയൂരുന്ന മാതാ-പിതാ പ്രവണതകൾക്ക് തീർച്ചയായും തിരുത്തലുകൾ ആവശ്യമാണ്.

●

നിർവ്വഹണത്തിനായി ചെലവഴിച്ചു കൂടേ? എന്ന ജനങ്ങളുടെ ചോദ്യ ങ്ങൾക്ക് അവർ ഉത്തരം പറയാൻ ബാധ്യസ്ഥരാണ്. പത്രോസിനെപ്പോ ലെ രോഗസൗഖ്യം നൽകുന്നവർ ഇന്ന് ആരുംതന്നെ കാണുകയില്ല. എന്നാൽ കൈവശമെത്തുന്ന പൊ ന്നും വെള്ളിയുമെങ്കിലും പാവങ്ങളു മായി പങ്കുവയ്ക്കുവാൻ കഴിയില്ലേ എന്ന ചോദ്യം അവശേഷിക്കുന്നു.

വ്യക്തിപരവും സഭാപരവുമാ യ പ്രത്യേക ആവശ്യങ്ങൾക്കുവേ ണ്ടി ഉപയോഗിക്കുവാൻ നീക്കിവയ് ക്കപ്പെട്ടിട്ടുള്ള പണമൊഴികെ മറ്റു ള്ളത് പോലും ദീർഘകാലത്തേയ് ക്ക് ബാങ്കുകളിൽ നിക്ഷേപിക്കുന്ന തിന് നീതീകരണമില്ല. വന്നുചേരു ന്ന പണം സഭാശുശ്രൂഷകൾക്കായി ചെ ലവഴിച്ചുകൊണ്ടിരിക്കേണ്ടതാ ണ്. ബ്ലെയ്ഡ്ബാങ്കുകൾ പൊട്ടിപ്പോ കുമ്പോഴെല്ലാം നഷ്ടമാകുന്ന പണം പലപ്പോഴും സഭാദ്ധ്യക്ഷന്മാർ ഉൾ പ്പെടെയുള്ള പലിശമോഹികളുടേ താണ്. മാത്രമല്ല, പണത്തിന്റെ മൂല്യ ശോഷണം അതിശീഘ്രം നടന്നു കൊണ്ടിരിക്കുന്ന അവസരത്തിൽ ഏതുബാങ്കിൽത്തന്നെയാണെങ്കിൽ പോലും ദീർഘകാലത്തേയ്ക്ക് അത് നിക്ഷേപിക്കുന്നത് ധനശാസ്ത്രപ രമായ വിഡ്ഢിത്തം കൂടിയാണ്. ഒന്നുകിൽ സ്വർണ്ണവും വെള്ളി യും എനിക്കില്ലായെന്ന് പത്രോസിനെ പ്പോലെ പറയാൻ കഴിയണം. അല്ലെ ങ്കിൽ പറയാൻ സാധിക്കണം: "എ നിക്കുള്ള പണമത്രയും നിനക്കു കൂടി അവകാശപ്പെട്ടതാണ് എന്ന്." എന്നാൽ ഇന്നത്തെ നിലപാട് "സ്വർ ണ്ണവും വെള്ളിയും എനിക്കുണ്ട്. അതു ഞാൻ നിനക്കുതരുന്നില്ല. എന്നാൽ എനിക്കില്ലാത്ത സൗഖ്യദാ നം ഞാൻ നിനക്ക് നൽകുന്നു" എന്ന താണ്. ഇന്ന് സഭയ്ക്കും സഭാധികാ രികൾക്കും നൽകാനുള്ളത് വെറും ശബ്ദമുഖരിതമായ ആശീർവാദ ങ്ങൾ മാത്രമാണെന്ന് ജനം മനസ്സി ലാക്കുന്നുണ്ട്. എന്നാൽ പങ്കുവയ് ക്കൽ സഭയുടേയും സഭാധികാരിക ളുടേയും മാത്രം ബാധ്യതയല്ലെന്ന തും ഓർക്കേണ്ടതാണ്. സഭാംഗ ങ്ങളും അവർക്ക് ലഭ്യമാകുന്ന ഭൗ തിക നേട്ടങ്ങൾ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ കടപ്പെട്ടവരാണെന്ന കാര്യം മറക്കരുത്.

ഈ സംഭവത്തിൽ പറയുന്ന മുടന്തനെ ചിലർ ചേർന്ന് ഭിക്ഷയാ ചിക്കുന്നതിനായി ദേവാലയ കവാട ത്തിൽ എത്തിക്കുകയും ഭിക്ഷാടന ത്തിനുശേഷം തിരികെ കൊണ്ടുവി ടുകയുമായിരുന്നു പതിവ്. പുറമേ നിന്ന് നോക്കുന്നവർക്ക് ഇതൊരു സേവനമായിത്തോന്നാം. എന്നാൽ സത്യം അതായിരുന്നില്ല. അവർ അവനെക്കൊണ്ട് ഭിക്ഷയാചിപ്പിച്ചു കിട്ടുന്ന പണം പങ്കിട്ടെടുക്കുന്നവരാ യിരുന്നു. പിച്ചക്കാരൻ ഈ സംവി ധാനത്തിലെ ഇരയും. സഹായിക ളുടെ പരിവേഷമുള്ള കൂട്ടുകാർ യഥാർത്ഥത്തിൽ ചൂഷകരായിരുന്നു. മുടന്തനെ ജനമധ്യത്തിൽ ഇരുത്തി അവൻ ഭിക്ഷയാചിച്ചു കിട്ടുന്നതിൽ വലിയപങ്ക് പിടുങ്ങുന്ന തട്ടിപ്പുകാർ ഭിക്ഷയിൽ ചെറിയൊരു ഭാഗം മുട ന്തനും കിട്ടിയിരുന്നു എന്നു മാത്രം. ഈ തന്ത്രമാണ് ഇന്നുകാണുന്ന ശുശ്രൂഷാസംവിധാനത്തിലും പല പ്പോഴും പ്രയോഗിച്ചു കാണുന്നത്. ദരിദ്രരേയും വൃദ്ധരേയും വികലാം ഗരേയും മന്ദബുദ്ധികളേയും അനാ ഥരേയും സംരക്ഷിക്കുന്നു എന്നപേ രിൽ നടത്തുന്ന സ്ഥാപനങ്ങൾ നിർ വ്വഹിക്കുന്നത് അവരെ വച്ചുള്ള മുത ലെടുപ്പാണെന്ന് സഭാസ്ഥാപനങ്ങ ളെക്കുറിച്ചുപോലും ആക്ഷേപം നില നിൽക്കുന്നുണ്ട്. കാരണം, അവരെ എവിടെയെങ്കിലും താമസിപ്പിച്ച് ലോകം മുഴുവൻ ധനശേഖരണം നടത്തി കിട്ടുന്ന പണത്തിന്റെ വലി യപങ്ക് വഴിമാറ്റുന്നു. അങ്ങനെ ആ പാവങ്ങൾ ഈ തട്ടിപ്പുപ്രസ്ഥാനങ്ങ ളുടെ ഇരകളായി മാറുന്നു. അവരെ പ്രതി ജനം നൽകുന്ന പണം അവ രെ സ്വതന്ത്രരാക്കുന്നില്ല. നേരെമ റിച്ച് ഇടനിലക്കാരുടെ തട്ടിപ്പിന് മു തൽക്കൂട്ടുകയാണ്. പത്രോസ് ആ മുടന്തന് എന്തെങ്കിലും പിച്ചനൽകി കടന്നു പോകാത്തത് ഈ വസ്തു തകൂടി മനസ്സിൽ വച്ചായിരിക്കണം. സ്വർ ണ്ണവും വെള്ളിയും അവനെ സ്വതന്ത്രനും സ്വാശ്രയനും ആക്കു കയില്ല. അവന് സൗഖ്യവും സ്വയം നിർണ്ണയശേഷിയും സിദ്ധിച്ചാൽ മാത്രമേ തട്ടിപ്പുപ്രസ്ഥാനത്തിൽ നിന്ന് സ്വതന്ത്രനും സ്വാശ്രയനും ആ കാൻ സാധിക്കൂ. അതുകൊണ്ട് സഭ യുടെ ലക്ഷ്യം പരാശ്രയരെ മുതലെ ടുക്കുകയല്ല, പ്രത്യുത, സ്വാതന്ത്ര്യ ത്തിന്റെ സന്തോഷവും സംതൃപ് തിയും അവർക്ക് നേടിക്കൊടുക്കുക യായിരിക്കണം. ആശ്രിതരും ഇരയു മാക്കാൻ പറ്റിയവരെ തെരഞ്ഞുപി ടിച്ച് അവരെ ഉപയോഗപ്പെടുത്തി പണസമ്പാദനത്തിന് സാഹചര്യമൊ രുക്കുന്ന സേവനരീ തി അവസാനി പ്പിച്ച് മാന്യമായ ജനപങ്കാളിത്ത ത്തോടെയുള്ള ശുശ്രൂഷകൾ വഴി മനുഷ്യവിമോചന പ്രക്രിയയിൽ പങ്കുചേരുകയാണ് വേണ്ടത്. അതി നു മാതൃകയാണ് ഇവിടെ കർത്തൃ ശിഷ്യർ കാണിക്കുന്നത്. അതോടെ പണം പിടുങ്ങിയിരുന്ന സഹായക സമൂഹത്തിന്റെ ചൂഷണത്തിന് അ വർ അന്ത്യം കുറിക്കുകയും ചെ യ്യുന്നു.

സ്വർണ്ണവും വെള്ളിയും നൽകി മുടന്തനെ സ്വസ്ഥനാക്കാൻ കഴിയി ല്ലെന്ന് പത്രോസിനറിയാം. അവന് തുടർന്നും പിച്ച യാചിക്കേണ്ടി വരും. നൽകുന്ന പണം അധികവും ഉപക രിക്കുക ഇടനിലക്കാർക്കായിരിക്കും. അവരുടെ ചൂഷണവലയത്തിൽ നിന്ന് അവൻ രക്ഷപെടുകയുമില്ല. അതുകൊണ്ട് ശുശ്രൂഷയുടെ പരി വേഷത്തിൽ വഞ്ചനയും മുതലെ ടുപ്പും നടത്തുന്നവരിൽ നിന്ന് മുട ന്തനെ വിമോചിപ്പിക്കുകയായിരുന്നു സൗഖ്യദാനത്തിന്റെ മറുവശം. ഇതി ന്റെ സന്തോഷവും സംതൃപ്തിയുമാ യിരുന്നു സൗഖ്യലബ്ധിക്കുശേഷം അവൻ പ്രകടമാക്കിയത്. അവശ-സാമൂഹ്യസേവനങ്ങളുടെ പേരിൽ നടക്കുന്ന തട്ടിപ്പുസംരംഭങ്ങളിൽ നിന്ന് ആ മേഖലകളെ വിടുവിക്കു ന്നതും ക്രിസ്തുസാക്ഷ്യനിർവ്വഹ ണത്തിന്റെ ഭാഗമാണ്.

**ലേഖനം**

# രക്ഷ-അനുതാപത്തിലൂടെ

**എം. സൈമൺ, പെരിയാമ്പ്ര**

**പാ**പത്തിന്റെ ഉല്പത്തി ഏദനിൽ നിന്നു തുടങ്ങുന്നു. അതിന്റെ പ്രമോട്ടർ സർപ്പമാണ്. സർപ്പം എന്നുള്ളത് ഒരു പ്രതീകമാകാം. ഹവ്വായുടെ ഹൃദയത്തിൽ കുടിയേറിയ വ്യാമോഹത്തിന്റെ പ്രതീകം. അതിന്റെ തിരയിളക്കം ദൈവകല്പനയെ തീരത്തെ വരപോലെ മായ്ച്ചു കളഞ്ഞു. വൃക്ഷത്തിന്റെ കനി തിന്നാൽ നല്ലതും കണ്ണിന് ആനന്ദകരവും ജ്ഞാനപ്രാപ്തിക്ക് ഉതകുന്നതുമാണെന്ന് മനസ്സു പറഞ്ഞ് വിശ്വസിപ്പിച്ചു. പിന്നെ അമാന്തിച്ചില്ല, പറിച്ചു തിന്നു. ഭർത്താവിനെയും തീറ്റിച്ചു (ഉല്പ. 3:6). അതുവരെ നന്മ മാത്രം നിറഞ്ഞിരുന്ന മനുഷ്യഹൃദയത്തിൽ തിന്മയുടെ വിഷം കടന്നുവന്നു. പാപം അവരിൽ കടന്നുവന്ന നിമിഷം അവരുടെ ദൈവതേജസ്സ് പടിയിറങ്ങി. ദൈവസാന്നിധ്യം ഭയന്ന് അവർ ഓടിയൊളിച്ചു. ദൈവം വിളിച്ചപ്പോൾ 'നീ തന്ന സ്ത്രീ തന്നു. ഞാൻ തിന്നു.' എന്ന് പുരുഷനും 'സർപ്പം എന്നെ വഞ്ചിച്ചു' എന്ന് സ്ത്രീയും പറഞ്ഞു. തെറ്റ് ദൈവത്തിന്റെ മേലും സർപ്പത്തിന്റെമേലും ചാരി സ്വയം നീതീകരിച്ചു. പകരം കർത്താവേ ഞങ്ങൾ തെറ്റു ചെയ്തുപോയി എന്ന് ഏറ്റു പറഞ്ഞിരുന്നെങ്കിൽ മനുഷ്യകുലത്തിന്റെ ചരിത്രം മറ്റെന്തൊക്കെയോ ആകുമായിരുന്നു.

നീതിമാനായി ആരുമില്ല, ഒരുത്തൻ പോലുമില്ല (റോമ. 3:10). ഒരിക്കലും പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിലില്ല (സഭാ. പ്ര. 7:20). എങ്കിൽ രക്ഷിക്കപ്പെടാൻ ആർക്കു കഴിയും. നിരാശവേണ്ട. മാർഗ്ഗം സഭാ; പ്ര.28:13-ൽ പറഞ്ഞു തരുന്നുണ്ട്. "തന്റെ അതിക്രമങ്ങൾ മറച്ചുവയ്ക്കുന്നവൻ ഐശ്വര്യം പ്രാപിക്കുന്നില്ല. അവ ഏറ്റുപറഞ്ഞ് അനുതപിക്കുന്നവന് കരുണ ലഭിക്കും." അപ്പോൾ രക്ഷയ്ക്കുള്ള മാർഗ്ഗം അനുതാപമാണ്. ബൈബിളിലെ പല കഥാപാത്രങ്ങളും തെറ്റു ചെയ്യുന്നതായി കാണാം. അവരിൽ അനുതാപത്തിന്റെ കണ്ണുനീർ ഒഴുക്കുന്നവർ രക്ഷയിലേക്കുള്ള കവാടം കടക്കുന്നു. മഹത്വത്തിന്റെ കിരീടം അണിയുന്നു. കായേന് ആബേലിനോട് അസൂയ തോന്നി. അവൻ തന്റെ അനുജനെ കൊന്നു. കർത്താവ് 'നിന്റെ സഹോ

---

ഏതുപേരിലായാലും-ശുശ്രൂഷയുടേതായാൽ പോലും-സമ്പത്തിന്റേയും അധികാരത്തിന്റേയും കേന്ദ്രീകരണം സഭയിൽ അപകടങ്ങൾ വരുത്തിക്കൂട്ടും. സഭയെ ആത്മീകമായി അത് ശുഷ്ക്കമാക്കുകയും അതിൽ അഴിമതിയും ജീർണ്ണതയും വർദ്ധിപ്പിക്കുകയും ചെയ്യും. ആന്തരീകമായി തകരുന്ന സഭയിൽ അധികാരവും പണവും കേന്ദ്രീകരിക്കുവാനുള്ള പ്രവണത ശക്തിപ്പെടുന്നു. ദരിദ്രരും രോഗികളും ആവശ്യക്കാരുമെല്ലാമുള്ള സമൂഹത്തിൽ ക്രിസ്തുവും ശിഷ്യരും നിരാകരിച്ച ധനവും അകറ്റിനിർത്തിയ അധികാരവും നേടാനുള്ള ശ്രമം സഭയുടെ അടിസ്ഥാനസ്വഭാവം നഷ്ടപ്പെടുത്തും. സഭയുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കും. ഇവിടെ മുടന്തനും ക്രിസ്തുശിഷ്യരും ധനവും അധികാരവും ഉള്ളവരല്ല. ദരിദ്രനെ രക്ഷനേടാൻ സഹായിക്കണമെങ്കിൽ സഭ ദരിദ്രസമൂഹമാകണം. യഥാർത്ഥ ശുശ്രൂഷാ സമൂഹമായി പരിണമിക്കണം. ഇതാണ് ക്രിസ്തുവും ശിഷ്യന്മാരും സമൂഹത്തിന് നൽകുന്ന മാതൃകയും വെല്ലുവിളിയും. വേഷം കെട്ടലുകൊണ്ടൊന്നും ചിന്തിക്കുന്ന സമൂഹത്തെ ആകർഷിക്കാമെന്നു കരുതേണ്ട. അതുപോലെ അമിത സ്വത്തിന്റെ ഉടമസ്ഥതയും കാര്യകർത്തൃ അധികാരതൃഷ്ണയും ക്രിസ്തീയ വീക്ഷണത്തിന് വിരുദ്ധമാണ്. ശുശ്രൂഷ വിടുതൽ പ്രക്രിയയായിട്ടാണ് സുവിശേഷം പഠിപ്പിക്കുന്നത്.

പത്രോസ് മുടന്തനെ സുഖപ്പെടുത്തുന്നത് തന്റെ വലതുകരം നീട്ടിയാണ് അതവനെ രക്ഷാകൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യാൻ കൂടിയാണ്. തിരസ്കൃതർക്കും പുറംജാതിക്കാർക്കും പാപികൾക്കും ഷണ്ഡന്മാർക്കും ചുങ്കക്കാർക്കുമെല്ലാം ഇടവും അംഗീകാരവുമുള്ള സമൂഹമായിരുന്നു ആദിമസഭ. ദളിതന് വേറെ ആരാധനാലയം സൃഷ്ടിച്ചും ദരിദ്രന് കൊട്ടിഘോഷിച്ച് ധനസഹായം നൽകുകയും അംഗ-മനോവൈകല്യങ്ങളുള്ളവരെ മുമ്പിൽ നിർത്തി മുതലെടുക്കുകയും സ്ഥാനചിഹ്നങ്ങൾ ഉയർത്തിക്കാട്ടി ചൂഷണം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ അധികാരഭ്രമവും സമ്പത്തിന്റെ പ്രഭാവവുമില്ലാത്ത പുതിയ സഭാജീവിത-നേതൃത്വ വീക്ഷണം നൽകാൻ ഈ സംഭവം സഹായകമാകണം. വിശ്വാസികൾ ഉള്ളതിനനുസരിച്ച് നൽകിയും, ദരിദ്രന് ആവശ്യ പ്രകാരം പങ്കുവയ്ക്കുകയും ചെയ്തുപോന്ന ഒരു സഭാസമൂഹത്തിലേക്കാണ് പത്രോസ് മുടന്തനെ ഹസ്തദാനം ചെയ്ത് പ്രവേശിപ്പിക്കുന്നത്. ഇല്ലാത്തവന് ഇടവും വ്യക്തിത്വത്തിന് അംഗീകാരവും ആരുമായും തുല്യതയും പ്രഖ്യാപനം ചെയ്യുന്നതാണ് പത്രോസിന്റെ ഹസ്തദാനം. പിച്ചക്കാരന് വലതുകരം നീട്ടിക്കൊടുത്ത് ഒറ്റപ്പെടലിന്റെ ഐതര്യത്തിൽ നിന്നും ചൂഷണത്തിന്റെ ഇരവത്കരണത്തിൽ നിന്നും ഉള്ള വിടുതൽ സഭയ്ക്കെന്നും മാതൃകയാണ്. ദീനാനുകമ്പയുടെ പേരുപറഞ്ഞ് സ്വത്തിന്റേയും അധികാരത്തിന്റേയും സമാഹരണം സഭയിൽ ഉണ്ടാക്കാവുന്ന ഭവിഷ്യത്തുകളിലേക്ക് ഈ വേദഭാഗം സൂചന നൽകുകയും ചെയ്യുന്നു.

ദരൻ എവിടെ'യെന്ന് ചോദിക്കുമ്പോൾ 'എന്താ, ഞാനെന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനോ' എന്ന അഹന്ത നിറഞ്ഞ മറുപടിയാണ് കായേൻ നൽകുന്നത്. കർത്താവ് അവനെ ശപിച്ചു. കുറ്റബോധം ഇല്ലാത്തതുകൊണ്ട് കിട്ടിയ ശിക്ഷ.

സോദോംഗോമൂറയുടെ അനുഭവം നിനുവേയ്ക്കും സംഭവിക്കുമായിരുന്നു. യോനായുടെ മുന്നറിയിപ്പ് നിനുവേയിലെ രാജാവും പ്രജകളും ഉൾക്കൊണ്ട് അവരുടെ അതിക്രമങ്ങൾ തിരിച്ചറിഞ്ഞ് പശ്ചാത്തപിച്ച്, ചാക്കുടുത്ത്, ചാരത്തിൽ കിടന്ന് ഉപവസിച്ചു. അങ്ങനെ അവർ രക്ഷ കണ്ടെത്തി.

കർത്താവ് തെരഞ്ഞെടുത്ത അഭിഷിക്തനായിരുന്നു ശൗൽ രാജാവ്. എന്നിട്ടും കർത്താവിന് അഹിതമായത് പലതും അയാൾ ചെയ്തു. അമാലാക്യരേയും അവർക്കുള്ള മൃഗങ്ങളെയൊക്കെയും കൊന്നുകളയാനുള്ള കർത്താവിന്റെ കല്പന ശൗൽ ലംഘിച്ചു. ആഹാഗിനെ വധിച്ചില്ല, മാത്രമല്ല നല്ല മൃഗങ്ങളെ കൊല്ലാതെ കൊണ്ടുപോന്നു. ശൗലിന്റെ പ്രവൃത്തി കർത്താവിന് ഇഷ്ടപ്പെട്ടില്ല. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമെന്ന് ശമുവേൽ ശൗലിനെ ഓർമ്മപ്പെടുത്തി. ഗോലിയാത്തിനെ കൊന്ന് അവന്റെ തലയുമായി ദാവീദ് വന്നപ്പോൾ യിസ്രായേൽ ജനം തപ്പുകൊട്ടി നൃത്തമാടി സ്ത്രീകൾ. "ശൗൽ ആയിരങ്ങളെ കൊന്നു. ദാവീദ് പതിനായിരങ്ങളേയും" എന്ന് ഉറക്കെ പാടി. ഇതുകേട്ട് ശൗൽ കോപിച്ചു. അന്നുമുതൽ ദാവീദ് ശൗലിന്റെ ശത്രുവായി. ശൗലിന്റെ കുന്തമുനയിൽ നിന്ന് രക്ഷപെട്ട ദാവീദ് ഒളിച്ചുപോയി. അതു കണ്ടിട്ടും ശൗലിനെ വിവരം ധരിപ്പിക്കാതിരുന്ന കുറ്റത്തിന് 85 പുരോഹിതരെ അയാൾ കൊന്നുകളഞ്ഞു. ഇതിലൊന്നും ശൗലിന് കുറ്റബോധം തോന്നിയില്ല. പശ്ചത്തപിച്ചുമില്ല. അതുകൊണ്ട് തന്റെ വാൾ കുത്തിനിർത്തി അതിൽ വീണ് സ്വയം മരിക്കേണ്ടിവന്നു.

ദാവീദ് ഒരാട്ടിടയനായിരുന്നു. കർത്താവ് അവനെ അനുഗ്രഹിച്ച് യിസ്രായേലിന്റെ രാജാവാക്കി. അവൻ ദൈവത്തെ ഭയപ്പെട്ട് ജീവിച്ചവനും യജമാനഭക്തനും ഒരു നല്ല മനുഷ്യനുമായിരുന്നു. തന്നെ കൊല്ലാൻ തുനിഞ്ഞിറങ്ങിയ ശൗൽ രണ്ടുതവണ കൈയെത്തും ദൂരത്ത് അകപ്പെട്ടിട്ടും കർത്താവിന്റെ അഭിഷിക്തനെ കൊല്ലാൻ തനിക്കാവില്ലെന്നു പറഞ്ഞ് പിന്തിരിഞ്ഞവനാണ് ദാവീദ്. ശൗലിന്റെ ബന്ധത്തിൽ അവശേഷിച്ച മെബിബോശേത്തിനെ കണ്ടെത്തി കൊട്ടാരത്തിലെ ഒരംഗമായി ചേർത്തുകൊണ്ട് ഇത്രയെല്ലാം നന്മകൾ ഉണ്ടായിട്ടും ഏദനിലെ പ്രലോഭകനെ ചെറുത്തുനിൽക്കാൻ ദാവീദിനായില്ല. നിഷ്ഠൂരവും നികൃഷ്ടവുമായ ചതിയിലൂടെ ഒരു സാധു ജവാനെ കൊലയ്ക്കുകൊടുത്ത് അയാളുടെ ഭാര്യയെ സ്വന്തമാക്കി. പക്ഷേ ദൈവം ദാവീദിനെ കൈവിട്ടില്ല, കാരണം തന്റെ തെറ്റുകൾ മനസ്സിലാക്കി പശ്ചാത്തപിക്കുന്ന ഒരു ഹൃദയം ദാവീദിനുണ്ടായിരുന്നു. കണ്ണുനീർമുത്തുകൾ കോർത്തിണക്കിയതായിരുന്നു ദാവീദിന്റെ പ്രാർത്ഥനകൾ. പ്രത്യേകിച്ചും 51-ാം മസമൂറ. അതുകൊണ്ടുതന്നെ അദ്ദേഹം ഗോത്രപിതാവെന്നറിയപ്പെട്ടു. യേശു പിറവിയെടുക്കാൻ തെരഞ്ഞെടുത്തതും അതേ ഗോത്രത്തിലാണ്.

പശ്ചാത്തപിച്ച് കുറ്റം ഏറ്റുപറയുമ്പോൾ രക്ഷ ദാനമായി ലഭിക്കും എന്നതിന്റെ നല്ല ഉദാഹരണമാണ് വലതുഭാഗത്തെ കള്ളന്റെ ചരിത്രം. ഏദനിൽ ആദാം കുറ്റം ന്യായീകരിച്ചപ്പോൾ അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ കുറ്റബോധം വന്ന വലതുഭാഗത്തെ കള്ളന് ക്രിസ്തു തുറന്നുകൊടുത്തു. മനുഷ്യവർഗ്ഗത്തിന് പറുദീസായുടെ വാതിൽ തുറന്നുകൊടുക്കാനാണ് ക്രിസ്തു ഭൂമിയിൽ അവതരിച്ചത്. ആ ലക്ഷ്യം നിറവേറിയപ്പോൾ 'എല്ലാം പൂർത്തിയായി' എന്നു പറഞ്ഞ് തന്റെ ആത്മാവിനെ പിതാവിനെ ഏല്പിച്ചു (യോഹ. 19:30).

ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുക എന്നത് യൂദാസിന്റെ നിയോഗമായിരുന്നു. ദാവീദ് അത് പ്രവചിച്ചിരുന്നു. ക്രിസ്തുവിന് ശിക്ഷവിധിച്ചു എന്നറിഞ്ഞപ്പോഴാണ് തന്റെ തെറ്റ് യൂദാ തിരിച്ചറിയുന്നത്. പശ്ചാത്തപിച്ച് മാപ്പപേക്ഷിക്കുന്നതിനു പകരം പ്രത്യാശയില്ലാതെ സ്വയം ജീവനൊടുക്കി നാശം വരിച്ചു. നിനക്കുവേണ്ടി ഞാൻ ജീവൻ ത്യജിക്കുമെന്നു പറഞ്ഞ പത്രോസ് മൂന്നുപ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. തന്റെ തെറ്റ് വിളിച്ചറിയിച്ചുകൊണ്ട് ഒരു കോഴി കൂവി. പത്രോസിന്റെ ഹൃദയത്തിൽ ആ സ്വരം കുത്തിമുറിവേല്പിച്ചു. കർത്താവു തിരിഞ്ഞ് പത്രോസിനെ ദയനീയമായി ഒന്നുനോക്കി. ആ നോട്ടം നേരിടാൻ പത്രോസിനായില്ല. അവൻ പുറത്തു കടന്ന് ഹൃദയം നുറുങ്ങിക്കരഞ്ഞു. ആ കണ്ണുനീരാണ് പത്രോസിനെ രക്ഷിച്ചത്. കടൽക്കരയിൽ വച്ച് മൂന്നുപ്രാവശ്യം വിശ്വാസം ഏറ്റുപറയിച്ച് പത്രോസിന്റെ കളങ്കം കർത്താവ് കഴുകിക്കളഞ്ഞു.

പശ്ചാത്താപത്തിലൂടെ രക്ഷയുടെ കിരീടമണിഞ്ഞവരാണ് പാപിനിയായ സ്ത്രീയും സക്കായി എന്ന ചുങ്കക്കാരനും. അതുകൊണ്ടാണ് അനുതപിക്കാത്ത പരീശരേയും ശാസ്ത്രിമാരേയും നോക്കി നിങ്ങൾക്കു മുമ്പേ ചുങ്കക്കാരും വേശ്യകളും സ്വർഗ്ഗരാജ്യത്തിൽ കടക്കുമെന്ന് ക്രിസ്തു താക്കീത് നൽകുന്നത്.


## ഡയോസിഷൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

*ഗീതപഠനം*

# അഖില ജഗത്പതിയെ.........

**വി. പി.**

**സാഹിത്യം:**

അഖില ജഗത്പതിയെ നായക-
നായേറ്റി ഘോഷിച്ച
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ

**ആമുഖം :** കഴിഞ്ഞ പ്രാവശ്യം പഠനവിഷയമാക്കിയ ഗീതത്തെ തുടർന്നുള്ള താണ് ഈ ഗീതം. പുത്രൻ തമ്പുരാന്റെ മനുഷ്യാവതാര പദ്ധതി ഗബ്രിയേൽ മാലാഖയിൽ നിന്ന് ഗ്രഹിച്ച കന്യകമറിയം ദൈവ ശിശുവിനെ ഉദരത്തിൽ സ്വീകരിക്കുന്നതിന് ഒരുങ്ങിയതിന്റെ ആലങ്കാരിക വിവരണമാണിത്.

**വാർക്കർത്ഥം :**

| | |
|---|---|
| അഖില | : മുഴുവൻ, സകല |
| ജഗത് | : ലോകം |
| പതി | : രാജാവ്, നാഥൻ |
| നായകൻ | : നയിക്കുന്നവൻ, നേതാവ് |
| ഏറ്റി | : അവരോധിച്ച് |
| ഘോഷിച്ചു | : കൊണ്ടാടി |
| അതി | : ഏറെ |
| വലുതാം | ; വലുതായ |
| പടവ് | : വഞ്ചി, പത്തേമാരി |
| വലുതാം പടവ് | : കപ്പൽ |
| താൻ | : സ്വയം |

**കൂട്ടർത്ഥം:** കന്യകമറിയാം സ്വയം ഒരു കപ്പലായിക്കൊണ്ട് സർവ്വലോകത്തിന്റെയും നാഥനെ അതിന്റെ കപ്പിത്താനായി അവരോധിച്ച് വളരെ ആഘോഷപൂർവ്വം ബഹുമാനിച്ചു.

**വിശദീകരണം :**ഒരു കപ്പലിന്റെ മുഴുവൻ നിയന്ത്രണവും കപ്പിത്താനാണല്ലോ. ഇവിടെ കന്യക മറിയാം സ്വയം ഒരു വലിയ യാനപാത്രമായി മാറുകയും അതിന്റെ മുഴുവൻ നിയന്ത്രണവും തന്നിൽ ഉരുവായിത്തീർന്ന യേശുക്കുഞ്ഞിന് വിട്ടു കൊടുക്കുകയും ചെയ്തു എന്നാണ് പറയുന്നത്. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ എന്ന് പറഞ്ഞ് അവൾ സ്വയം സമർപ്പിച്ചത് ഇവിടെ സൂചനയാകുന്നു. വി. മറിയാം പരിശുദ്ധറൂഹാമൂലം ഗർഭിണിയായതുമുതൽ തന്റെ ഇംഗിതങ്ങളെല്ലാം ദൈവേഷ്ടത്തിന് വിധേയമായിട്ടാണ് അവൾ നിർവ്വഹിച്ചു പോന്നതെന്ന് ഈ ഗീതം വ്യക്തമാക്കുന്നു. സർവ്വനിയന്ത്രണവും തന്നിലെ ദൈവപ്രജയ്ക്കു വിട്ടു കൊടുത്തു. ഒട്ടും അവളിൽ ബാക്കിവയ്ക്കാത്ത പൂർണ്ണ സമർപ്പണമായിരുന്നു അത്. കപ്പലിൽ കപ്പിത്താൻ മാത്രമല്ലല്ലോ ഉണ്ടായിരിക്കുക. അദ്ദേഹത്തോടൊപ്പം താനാകുന്ന കപ്പലിൽ അനേകം പേർ സഹയാത്രകരാകുമെന്ന് മറിയാമിനറിയാമായിരുന്നു. അതായത് ദൈവ പുത്രനെ ഉദരത്തിൽ സ്വീകരിച്ചതോടെ അനേകർക്കു സഞ്ചരിക്കുവാനും കടൽ കടന്ന് സുരക്ഷിതരായി ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുള്ള മുഖാന്തരമായി തീരുമെന്നും മറിയം തിരിച്ചറിഞ്ഞു. സർവ്വലോകവും ഭാഗ്യവതി എന്നു പുകഴ്ത്തുമെന്ന് പറഞ്ഞതിന്റെ പൊരുളും ഈ ഗീതത്തിലുണ്ട്.

## Correction corner

സന്ധ്യാപ്രാർത്ഥനയുടെ രണ്ടാം ഖണ്ഡികയിൽ നാം ഇപ്രകാരം ചൊല്ലുന്നു. ''എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായ ക്രിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായയ്ക്കും അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കണമേ!''

നമ്മുടെ ഹൃദയം ദുഷ്കാര്യത്തിന് ചായുന്നതും നാം അന്യായ പ്രവൃത്തികൾ ചെയ്യുന്നതും വായും അധരങ്ങളും കൊണ്ടല്ലല്ലോ. അതുകൊണ്ട് ഇവ സംഭവിക്കാതിരിക്കാൻ വായും അധരങ്ങളും കാത്തിട്ടു കാര്യമില്ല. മറിച്ച്, മനസ്സിനെയും അവയവങ്ങളെയുമാണ് അച്ചടക്കമുള്ളവയായി സൂക്ഷിക്കേണ്ടത്. അതിനാൽ എന്റെ വായ്ക്കും അധരങ്ങൾക്കും എന്നതിനു പകരം ''മനസ്സിനും അവയവങ്ങൾക്കും'' എന്ന് തിരുത്തി ചൊല്ലുന്നതായിരിക്കും ശരി.

ആനുകാലികം

# പരി. പാത്രിയർക്കീസ് ബാവയുടെ സമാധാനപ്രഖ്യാപനം: ഒരു പ്രാഥമിക പ്രതികരണം

ഡോ. തോമസ് മാർ അത്താനാസ്യോസ്

പരി. പാത്രിയർക്കീസ് ബാവാ കേരളത്തിൽ സന്ദർശനം നടത്തുന്ന ഈ നാളുകളിൽ സഭാസമാധാന ത്തെപ്പറ്റി അദ്ദേഹം നടത്തിയ പ്രസ്താവനകളും, നടപടികളും സംബന്ധിച്ച് എന്റെ ചില പ്രാഥമിക നിരീക്ഷണങ്ങൾ കുറിക്കുന്നത് ഇത് സംബന്ധിച്ച് നടക്കാവുന്ന തുടർ ചർച്ചകളിൽ പ്രയോജനപ്പെടും എന്ന ചിന്തയിലാണ്.

പാത്രിയർക്കീസ് ബാവായുടെ പ്രസ്താവനകളിൽ ചിലത് പ്രധാന പ്പെട്ടവയായിരുന്നുവെങ്കിലും മാധ്യമങ്ങൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചില്ല എന്ന തോന്നൽ എനിക്കുണ്ട്. എങ്കിലും അവ സമാധാനപ്രിയരും സത്യാന്വേഷികളുമായ സഭാംഗങ്ങൾക്ക് പ്രതീക്ഷ നൽകുന്നവയാണ്.

അദ്ദേഹത്തിന്റെ ഒരു നിരീക്ഷണം മലങ്കര ഓർത്തഡോക്സ് സഭയും യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭയും ഒരേ വിശ്വാസവും, ചരിത്രവും, ആരാധനാക്രമങ്ങളും പങ്കുവയ്ക്കുന്നവയാണ് എന്നതാണ്. ഈ പ്രസ്താവന അം ഗീകരിക്കുന്നെങ്കിൽ സഭയിൽ ഭിന്നതയ്ക്ക് നിലനില്പില്ല. ഈ പ്രസ്താവന പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാടിന് വിരുദ്ധമാണ്. ഏതായാലും ഈ പ്രഖ്യാപനം അവരുടെ ധാരണ തിരുത്തുവാൻ പ്രേരകമാകും എന്ന് ചിന്തിക്കാം.

രണ്ടാമതായി സഭാ വസ്തുവകകൾ പങ്കിട്ടതുകൊണ്ട് സമാധാനം ഉണ്ടാകില്ല എന്ന പ്രഖ്യാപനമാണ്. ഇത് പാത്രിയർക്കീസ് ബാവായുടെ സഭാസമാധാനം സംബന്ധിച്ച നയവും നിലപാടും വ്യക്തമാക്കുന്നു. സ്വത്തും പള്ളിയും പങ്കിട്ടല്ല, സമാധാനം ഉണ്ടാക്കേണ്ടത്. മറിച്ച്, അനുരഞ്ജനത്തിലൂടെയാണ്, ഐക്യത്തിലൂടെയാണ് എന്നാണ് ഇത് നൽകുന്ന സൂചന. സഭാസ്വത്തുക്കൾ പങ്കിടണം എന്ന് ശഠിക്കുന്നവർ ഏതുഭാഗത്തുള്ളവരാണെങ്കിലും സഭയുടെ വിളിയും ഭാവിയും മനസ്സിലാക്കുന്നവരും ആഗ്രഹിക്കുന്നവരുമല്ല. പാത്രിയർക്കീസ് ബാവായുടെ ഈ പ്രഖ്യാപനങ്ങൾ പാത്രിയർക്കീസ് വിഭാഗത്തിന് തങ്ങളുടെ നിലപാടുകൾ സംബന്ധിച്ച് ഒരു തിരുത്തലിന് സഹായിക്കും എന്ന് കരുതാം. അത് അനുരഞ്ജന നീക്കത്തിന് പുതിയ ദിശ നൽകും എന്നും പ്രതീക്ഷിക്കാം.

പരി. പാത്രിയർക്കീസ് ബാവ ഇവിടെ വന്നപ്പോൾ തന്റെ അനുയായികൾ ആഗ്രഹിക്കുന്നപോലെ ഓർത്തഡോക്സ് സഭയെ കടന്നാക്രമിക്കുന്നതിനും പരിഹസിക്കുന്നതിനും ശ്രമിക്കുന്നില്ല. ഇത് നാട്ടിലെ ഓർത്തഡോക്സ്കാരിൽ ഐക്യശ്രമത്തിന് ആവശ്യമായ മനോഭാവം സൃഷ്ടിക്കുന്നതിന് ഏറെ സഹായകമാകും. അതുപോലെ ഐക്യസഭയിൽ തന്റെ സ്ഥാനം എന്തായിരിക്കുമെന്ന ഉത്കണ്ഠയും അദ്ദേഹത്തിന് ഉള്ളതായി തോന്നിയില്ല. ഐക്യത്തിന് അദ്ദേഹവും അദ്ദേഹത്തിന്റെ സ്ഥാനവും തടസ്സമാകരുത് എന്ന് അദ്ദേഹത്തിനുണ്ട്. ഇവിടത്തെ പാത്രിയർക്കീസ് കക്ഷിനേതാക്കൾ പ്രകടിപ്പിക്കുന്ന അമിതഭക്തിയിൽ കഴമ്പില്ല എന്നത് ആ സഭയുടെ സമീപകാല ചരിത്രത്തിൽ നിന്നും അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ടാകണം. തന്റെ പേരുപറഞ്ഞ് സഭയെ ഭിന്നിപ്പിച്ചു നിർത്തുന്ന നാട്ടിലെ നേതാക്കന്മാരുടെ സ്വാർത്ഥത അദ്ദേഹം തിരിച്ചറിഞ്ഞതിനാലാകണം തന്റെ സ്ഥാനമുറപ്പിക്കലല്ല സഭയുടെ ഐക്യത്തിലൂടെയുള്ള സമാധാനമാണ് പ്രധാനമെന്ന് അദ്ദേഹം പറയുന്നത്. ഏതായാലും അദ്ദേഹത്തിന്റെ പ്രസ്താവനയുടെ സ്വാധീനം വരുംദിവസങ്ങളിൽ വ്യക്തമാകുമെന്ന് കരുതാം.

പരി. പാത്രിയർക്കീസ് ബാവാ എടുത്ത താഴെപ്പറയുന്ന നടപടികൾ നയതന്ത്രപരമായി എത്രമാത്രം വിജയമാണ് എന്നതിനെപ്പറ്റി എനിക്ക് സംശയമുണ്ട്. 1) സമാധാന ചർച്ചകൾ ഇവിടെ നടക്കണം. അതുകൊണ്ട് കമ്മിറ്റി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് പ്രഖ്യാപിച്ചു. 2) ആ അടിസ്ഥാനത്തിൽ അഞ്ചു ബിഷപ്പുമാരുടെ കമ്മിറ്റിക്ക് രൂപം കൊടുത്തു. 3) അത് പത്രദ്വാരാ പ്രഖ്യാപിച്ചു.

ഒന്നാമതായി കമ്മിറ്റി ഉണ്ടാക്കാനുള്ള തീരുമാനം പരി. കാതോലിക്കാബാവായുടേയും കൂടെ ആലോചനയോടെ സംയുക്ത സംരംഭത്തിന്റെ ഭാഗമായി ഉണ്ടാകേണ്ടതായിരുന്നു. ഇപ്പോഴുണ്ടായ നടപടിക്രമം ഏകപക്ഷീയവും മേധാവിത്വസ്വഭാവമുള്ളതുമായിപ്പോയി. “ഞാൻ ഇങ്ങനെയൊരു കമ്മിറ്റി സൃഷ്ടിക്കുന്നു. നിങ്ങൾ ഇപ്രകാരമൊന്ന് ഉണ്ടാക്കി പ്രതികരിക്കണം” എന്ന മനോഭാവം സഹകരണത്തിന്റേതല്ല. ഇരു സഭാകേന്ദ്രങ്ങളുടെയും പരസ്പര ആലോചനയോടെ ഈ തീരുമാനം എടുക്കേണ്ടതായിരുന്നു. ഏകപക്ഷീയമായ തീരുമാനം നയതന്ത്രപരമായ ഒരു പാളിച്ചയായിപ്പോയി.

രണ്ടാമതായി തീരുമാനം ഒരിക്കലും മാധ്യമങ്ങൾക്ക് നൽകുകയല്ലായിരുന്നു വേണ്ടത്. പരി. കാതോലിക്കാ ബാവായെ അറിയിക്കുകയായിരുന്നു ഉചിതം. മാധ്യമ പ്രതികരണങ്ങൾക്കനുസരിച്ചല്ലല്ലോ ഐക്യ സമാധാന ശ്രമങ്ങൾ നടക്കേണ്ടത്.

ഉഭയ ആലോചനയുടേയും സഹകരണത്തിന്റെയും പശ്ചാത്തലത്തിലാണല്ലോ.

മൂന്നാമതായി സഭൈക്യം സംബന്ധിച്ച് പാത്രിയർക്കീസ് ബാവായുടെ അഭിപ്രായം ഉള്ളവരല്ല കമ്മിറ്റിക്കാർ എന്നത് ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് കമ്മിറ്റിയിൽ ശീമയിൽ നിന്നുതന്നെയുള്ള ബാവായുടെ ഒരു പ്രതിനിധികൂടി ഉണ്ടായിരിക്കേണ്ടതായിരുന്നു. എങ്കിൽ ചർച്ചകളുടെ കൃത്യമായ feedback കിട്ടുന്നതിനും, ചർച്ചകൾ നിയന്ത്രിക്കുന്നതിനും അദ്ദേഹത്തിന് സാധിക്കുമായിരുന്നു. കൂടാതെ മനപ്പൊരുത്തമില്ലാത്ത ബിഷപ്പുമാരുടെ കമ്മിറ്റിക്ക് നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുന്നതിന് എത്രമാത്രം കഴിയും എന്നതും കണ്ടറിയേണ്ട കാര്യമാണ്.

സമാധാനം ഉണ്ടാകണമെങ്കിൽ ആദ്യം നടക്കേണ്ടത് അനുരഞ്ജനമാണ്. ഇരുഭാഗത്തും ഉള്ളവർ തങ്ങളുടെ കഴിഞ്ഞകാലനിലപാടുകൾ വിമർശനാത്മകമായി വിലയിരുത്തുകയും സഭാസമൂഹത്തിന്റെ ഐക്യം ദൈവഹിതമെന്ന് തിരിച്ചറിഞ്ഞ് സ്നേഹപൂർവ്വം ഈ വിഷയത്തെ സമീപിക്കത്തക്കവിധം മന:പ്പൊരുത്തം ഉണ്ടാക്കിയെടുക്കുകയും വേണം.

സഭാതർക്കവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭ കോടതിയിൽ സമർപ്പിച്ചിരിക്കുന്ന വ്യവഹാരങ്ങൾ പിൻവലിച്ചാലേ സമാധാനാലോചനകൾ ആരംഭിക്കുകയുള്ളൂ എന്ന ഇവിടത്തെ പാത്രിയർക്കീസ് കക്ഷിനേതാക്കളുടെ പല്ലവി പാത്രിയർക്കീസ് ബാവായും ഏറ്റുപിടിച്ചിരിക്കുന്നതായി മാധ്യമങ്ങളിൽ കണ്ടു. ഇതിന്റെ പിന്നിലെ ദുരുദ്ദേശ്യം ആർക്കും വ്യക്തമല്ലേ? കേസിന്റെ ഭാവി സംബന്ധിച്ച സൂചനയും ഇതിലുണ്ട്. കേസുകൾ പിൻവലിച്ചിട്ട് സമാധാനാലോചനകൾക്കു പോയാൽ അവ ഫലപ്രദമായില്ലെങ്കിൽ അവ തുടരാനാവുമോ? പുതുതായി കേസ് കൊടുക്കേണ്ടി വരില്ലേ? അപ്പോൾ കേസ് പിൻവലിപ്പിച്ച് ഭീഷണി ഒഴിവാക്കികൊണ്ട് ഡിമാന്റുകൾ കൂട്ടാനും ശക്തമാക്കുവാനുമുള്ള കള്ളക്കളിയാണ് ഈ ആവശ്യത്തിനു പിന്നിലെന്ന് ആർക്കാണ് മനസ്സിലാകാത്തത്? മാത്രവുമല്ല, സമാധാനാലോചനകൾ നടക്കുന്നതിന് കേസുകൾ പിൻവലിക്കേണ്ടതിന്റെ നീതിപരമോ, സാങ്കേതികമോ ആയ ആവശ്യം എന്താണ്? സമാധാന ചർച്ചകൾ ഫലവത്താകുന്ന മുറയ്ക്ക് കേസുകൾ സ്വയം അപ്രസക്തമാകുകയില്ലേ? ഉപാധികൾ ഒന്നുമില്ലാതെ പരസ്പരം വിശ്വാസത്തോടും വിശ്വാസ്യതയോടും പ്രശ്നങ്ങൾ ചർച്ച ചെയ്ത് സൗഹൃദം സൃഷ്ടിക്കുവാനും സമാധാനം സ്ഥാപിക്കുന്നതിനുമാണ് ഇരുപക്ഷവും ശ്രമിക്കേണ്ടത്. സമാധാനം ഉണ്ടാകുമ്പോൾ വ്യവഹാരങ്ങൾ താനേ ഇല്ലാതായിക്കൊള്ളും. നിയമലംഘനം നടക്കുമ്പോഴാണല്ലോ കേസുകൾ ഉത്ഭവിക്കുന്നത്. നീതി പുനഃസ്ഥാപിക്കപ്പെടുമ്പോൾ വ്യവഹാരങ്ങൾക്ക് ഭാവിയില്ലാതായിത്തീരുന്നു. കേസുകളുടെ ഫലം പേടിച്ച് അവ പിൻവലിക്കാനുള്ള ബാലിശമായ ആവശ്യം പാത്രിയർക്കീസ് ബാവ ആവർത്തിക്കുന്നതിൽ നിരാശയും ദുഃഖവും തോന്നുന്നു.

പാത്രിയർക്കീസ് ബാവായുടെ സന്ദർശനം പരി. കാതോലിക്കാ ബാവാ സ്വാഗതം ചെയ്ത സാഹചര്യത്തിൽ തർക്കം നിലനിൽക്കുന്ന പള്ളികളിൽ പ്രവേശിക്കുന്നതിനുള്ള ഇവിടത്തെ നേതൃത്വത്തിന്റെ നിർബന്ധത്തിന് പാത്രിയർക്കീസ് ബാവാ വഴങ്ങാതിരിക്കയായിരുന്നു വിശ്വാസ്യത സൃഷ്ടിക്കാൻ നല്ലവഴി എന്നതും സ്മരിക്കുന്നു. സമാധാന ആലോചനകളുടെ വിജയം അതിനു മുമ്പ് സൃഷ്ടിക്കപ്പെടുന്ന നല്ല ബന്ധങ്ങളിൽ ആണ് എന്നു ചിന്തിക്കുന്നത് നല്ലതാണ്.


**SANTHULA TRUST HOSPITAL**



**Vadakara, Koothattukulam**

**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

RNI No. KERMAL/2012/46014 Date of Publication 15-02-2015, Price Rs. 10/- Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALY/0067/2013-2015 Licensed to Post Without Pre-payment
DIOCESAN BULLETIN

## ഉപവാസ പ്രാർത്ഥന നടന്നു

വർഷംതോറും മൂന്നുനോമ്പിൽ പാമ്പാക്കുടയിലുള്ള സമന്വയ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഉപവാസ പ്രാർത്ഥന ഇത്തവണ 2015 ജനുവരി 26, 27, 28 തീയതികളിൽ നടന്നു. ഉപവാസധ്യാനങ്ങളോടൊപ്പം പതിവുപോലെ സഭാസമാധാനത്തിനുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും ഉണ്ടായിരുന്നു. അഭി. തിരുമേനി, ഫാ. എബ്രാഹാം കാരാമ്മേൽ, ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, ഫാ. ജോൺസൺ പുറ്റാനിൽ, ശ്രീമതി തങ്കമ്മ ദാനിയേൽ എന്നിവർ ധ്യാനപ്രസംഗങ്ങൾ നിർവ്വഹിച്ചു. ഫാ. ഷിബു കുര്യൻ, ഫാ. ബിനോയ് ജോൺ, ശ്രീമതി ജിജി ജോൺസൺ എന്നിവർ പ്രത്യേക പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഫാ. മേരീദാസ് സ്റ്റീഫൻ, കെ.വൈ. ബിജു, വനിതാസമാജാംഗങ്ങൾ എന്നിവർ പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചു. ഓരോ ദിവസവും രാവിലെ 9 മണിക്ക് ആരംഭിച്ച ധ്യാനയോഗം ഉച്ചകഴിഞ്ഞ് 3 ന് അവസാനിച്ചു. അവസാന ദിവസം വി. കുർബാനയോടെ ചടങ്ങുകൾ സമാപിച്ചു.

## വിരമിച്ചു



ആറൂർ മേരിഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ പ്രധാന ശുശ്രൂഷകനായിരുന്ന ചിരവത്തടത്തിൽ വി.പി. ഉലഹന്നാൻ (അപ്പായി) ചുമതലയിൽ നിന്ന് വിരമിച്ചു. 1991 മുതൽ പ്രധാന ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചുവന്ന അദ്ദേഹത്തിന് ഇടവകയിലെ പ്രതിസന്ധിഘട്ടങ്ങളിൽ സഭാസമാധാനത്തിന് അനുകൂല നിലപാട് സ്വീകരിച്ചതിന്റെ പേരിൽ ഒട്ടേറെ എതിർപ്പുകളും ശാരീരിക-മാനസിക പീഡനങ്ങളും ഏൽക്കേണ്ടി വന്നിട്ടുണ്ട്. തികഞ്ഞ വിശ്വാസത്തോടും ഭക്തിയോടും അർപ്പണമനോഭാവത്തോടും കൂടെ ശുശ്രൂഷ ചെയ്തുവന്ന അദ്ദേഹത്തിന് ജനുവരി 25-ാം തീയതി പള്ളിയിലെ പ്രധാന പെരുന്നാളിനോടനുബന്ധിച്ച് സമുചിതമായ യാത്രയയപ്പ് നൽകി. പള്ളിവികാരി ഫാ. ഏലിയാസ് ചെറുകാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഫാ. ഏലിയാസ് മണ്ണാത്തിക്കുളം, റവ. ഫാ. അഗസ്റ്റിൻ പുല്ലുകാല, റവ. ഫാ. ജെറി ജോൺ, പി.റ്റി. വർക്കി എന്നിവർ പ്രസംഗിച്ചു. ഇടവകയുടേതായ പാരിതോഷികം കൈക്കാരന്മാരായ ബാബു വട്ടക്കാവിൽ, ബേബി കൊരങ്ങോലിത്തടം എന്നിവർ ചേർന്ന് സമ്മാനിച്ചു.

## നിർമ്മാണം ആരംഭിച്ചു

കൂത്താട്ടുകുളത്തിനടുത്ത് വടകരയിൽ പ്രവർത്തിച്ചുവരുന്ന സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണോദ്ഘാടനം 2015 ഫെബ്രുവരി 6-ാം തീയതി രാവിലെ 8.30 ന് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ്ജ്, ആശുപത്രി സ്റ്റാഫ് എന്നിവരുടെ സാന്നിധ്യത്തിൽ ആശുപത്രിയിലെ മുഖ്യ മനോരോഗ ചികിത്സാവിദഗ്ദ്ധൻ ഡോ. നിഷാദ് കോയ M. D. നിർവ്വഹിച്ചു. എട്ട് ബ്ലോക്കുകളായി രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്ന സന്തുല ആശുപത്രിയുടെ ആറാമത്തെ ബ്ലോക്കാണിത്. നിലവിലുള്ള അഞ്ചു ബ്ലോക്കുകളിലായി 150 ബെഡ് ആണുള്ളത്. പുതിയ ബ്ലോക്കിന്റെ പൂർത്തീകരണത്തോടെ അത് 250 ആയി ഉയരും. മനോരോഗ ചികിത്സ, ഡീ-അഡിക്ഷൻ, എജ്യൂക്കേഷണൽ തെറാപ്പി എന്നീ ചികിത്സാ വിഭാഗങ്ങളാണ് സന്തുലയിൽ പ്രവർത്തിച്ചുവരുന്നത്. സുഖപ്പെട്ട രോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. പുതിയ ബ്ലോക്കിന്റെ നിർമ്മാണം 6 മാസത്തിനകം പൂർത്തിയാകുമെന്ന് സന്തുല ട്രസ്റ്റ് സെക്രട്ടറി എ. പി. സെൽവിൻ പ്രസ്താവിച്ചു.

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |


## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

***വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും*** (Free and Paid) ***പ്രവേശനം നൽകുന്നു***


Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha